രാമവർമ്മതമ്പുരാൻ.—ലേബർ ഇൻസ്പെക്ടരെ വയ്ക്കുന്നതിന്റെ ഉദ്ദേശം ഇതാണു്. അധഃകൃതക്കു ഭൂമികൾ പതിച്ചുകൊടുക്കുന്നുണ്ടു്. അതിലേയ്ക്കു് എവിടെയെല്ലാം ആവശ്യമുണ്ടെന്നറിഞ്ഞു് ആ ഭൂമികളെ സർവ്വെചെയ്തു് അളന്നു തിട്ടപ്പെടുത്തുകയും മറ്റുമുള്ള ജോലികൾ ചെയ്യുവാൻവേണ്ടിയും, അധഃകൃതർ താമസിക്കുന്ന വില്ലേജുകളിൽപോയി അവരുടെ ധനസ്ഥിതിയെപ്പറ്റിയുള്ള വിവരങ്ങൾ അറിഞ്ഞു് ഗവൺമെൻറിലേയ്ക്കു റിപ്പോർട്ടയച്ചു് അതിൻപ്രകാരം പ്രവർത്തിക്കുവാൻ" അവക്കാവശ്യമുള്ളതു് ആലോചിച്ചു ചെയ്തുകൊടുക്കാൻവേണ്ടിയും ആണു്. ഇങ്ങിനെയുള്ള രണ്ടുമൂന്നു കായ്മകൾക്കുവേണ്ടിയാണു് ഒരു ലേബർ ഇൻസ്പെക്ടരെ വയ്ക്കണമെന്നു വിചാരിയ്ക്കുന്നതു്. ആ ആൾ സ്കൂൾഫൈനൽ എങ്കിലും പാസായിരിക്കണം. ശമ്പളം ൪൦ മുതൽ ൫൦ വരെയാണു്. പ്രധാനമായിട്ടു് അയാൾ സർവ്വെയും അറിഞ്ഞിരിയ്ക്കണം. ലേബർകണ്ടീഷൻസും അറിഞ്ഞിരിക്കണം. പിന്നെ അവക്കു വല്ലതും ഗുണവുംചെയ്തുകൊടുക്കാനുണ്ടെങ്കിൽ അതെന്തെല്ലാമാണെന്നന്വേഷിയ്ക്കുവാനും, കൂലി കൊടുത്തിട്ടില്ലെന്നും മറ്റുമുള്ള കണ്ടെയിൻറസ് വരുമ്പോൾ അതിനെക്കുറിച്ചു് എൻക്വയറി ചെയ്യുവാനും ആയിട്ടാണു" ഇങ്ങിനെ ഒരു ലേബർ ഇൻസ്പെക്ടരെ വയ്ക്കുന്നതു്. അയാൾക്കു് ഇംഗ്ലീഷ് അറിയാതെ സാധിക്കയില്ല. കുറച്ചു വിവരമൊക്കെവേണം. ഒന്നുമില്ലെങ്കിലും നിശ്ചയമായും സ്കൂൾഫൈനൽ പാസായിരിക്കണം. അല്ല, ഗ്രാഡുവെറ്റു" ആണെങ്കിൽ എന്താണമെന്നു സർവ്വെനടത്തുവാനുംകൂടി കഴിയും. അയാളുടെ റിപ്പോർട്ടു് ഗവൺമെണ്ടിനുപകാരമായിരിയ്ക്കുകയും ചെയ്യും. ഇതാണു് ഇതിൽ കായ്മയായിട്ടുള്ളതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—ഇതു് ഒരു സ്ഥിരമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

തസ്തികയാണെങ്കിൽ പ്രൊട്ടക്ടരെകൊണ്ടുതന്നെ ഈ ജോലിയും കഴിക്കുവാൻ പാടില്ലേ?

രാമവർമ്മതമ്പുരാൻ.—പ്രൊട്ടക്ടർക്കുതന്നെ പലജോലികളും ചെയ്യേണ്ടതായിട്ടുണ്ട്. ആ സ്ഥിതിക്ക് ഈ ജോലിയുംകൂടി നോക്കാൻ സാധിക്കയില്ല. അദ്ദേഹത്തിനു സ്കൂളിനെപ്പറ്റിയുള്ള കാര്യങ്ങൾ നോക്കണം. സ്കൂൾ സാമാനങ്ങൾ ശരിയായിട്ടുണ്ടോ എന്നുംമറ്റും അന്വേഷിച്ചു സ്കൂളിന്റെ ചിലവുകളും ആവശ്യത്തിനനുസരിച്ചു ചിലവുചെയ്യണം. അതിനിടയിൽ ഈ ജോലിയുംകൂടി ഏല്പിച്ചാൽ മറ്റുജോലികൾക്ക് ഹാനിവരാത്തനിലയിൽ ചെയ്യുവാൻ സാധിക്കയില്ല. അതുകൊണ്ടാണു് ഇതു് ഒരു പ്രത്യേക ബ്രാഞ്ചായി നടത്തണമെന്നു പറയുന്നതു്.

Mr. C. A. Ouseph.—I want to know, Sir, whether it is confined to the Depressed Classes alone?

രാമവർമ്മ തമ്പുരാൻ.—എല്ലാവക്കുംകൂടി വയ്ക്കുകയാണെങ്കിൽ അധികം നന്നായിരിയ്ക്കും. എന്നാൽ ഇപ്പോൾ വിചാരിച്ചിരിയ്ക്കുന്നതു് ഡിപ്രസ്ഡ് ക്ലാസിനുമാത്രമുള്ള ലേബർ ഇൻസ്പെക്ടരെ ആണു്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇങ്ങിനെയുള്ള ഉദ്യോഗസ്ഥനു് ഇംഗ്ലീഷ് വേണമെന്നുണ്ടോ?

രാമവർമ്മ തമ്പുരാൻ.—അതില്ലെങ്കിൽ വല്ലതും മനസ്സിലാകുമോ? എക്കണോമി സർവ്വേയും മറ്റും നടത്തുവാനുള്ളതുകൊണ്ടു് ഇംഗ്ലീഷ് കൂടാതെ കഴികയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.— ഈ അധഃകൃതരിൽപെട്ടവരിൽ വിദ്യാഭ്യാസമുള്ളവരെ നിയമിച്ചാൽ അവർക്കു വളരെ ഉപകാരമായിരിക്കും. പേഷ്കാർ അവർകൾ അവർക്കു പുതുവല്ലും മറ്റും പതിച്ചുകൊടുക്കുവാൻ കല്പനയായാൽ അതു് വേഗത്തിൽ നടക്കണമെങ്കിൽ വല്ല കൈക്കൂലിയുംമറ്റും കൊടുക്കുന്നതിനു് ഈ പാവങ്ങൾക്കു് വലിയ പ്രയാസമായിരിക്കും.

മിസ്റ്റർ ടി. കെ. നായർ.—ഈ വിഷയത്തിൽ ഏതായാലും മാസത്തിൽ നാല്പതു രൂപാകവീതം ഗവർമ്മെണ്ടിൽനിന്നു ചിലവിടുവാൻ വിചാരിച്ചിട്ടുണ്ടെല്ലോ. ആറുമാസമെങ്കിലും അധഃകൃതവർഗ്ഗത്തിൽനിന്നു് ഒരാളെ ഇതിലേക്കുവച്ചു പരീക്ഷിച്ചുനോക്കുക. അസംഖ്യം സംഗതികൾക്കുവേണ്ടി വളരെചിലവാക്കി experiments നടത്തുന്ന ഗവർമ്മെണ്ടല്ലേ? ആറുമാസമെങ്കിലും അവരുടെ കാര്യങ്ങൾ നോക്കുവാൻവേണ്ടി ബഹുമാനപ്പെട്ട അധഃകൃത മെമ്പറോടാലോചിച്ചു് ഒരാളെ നിയമിക്കുന്നതായാൽ അതുതന്നെയായിരിയ്ക്കും അധികം നല്ലതെന്നു തോന്നുന്നു. അതിനു സൌകര്യമുണ്ടെങ്കിൽ ആറുമാസത്തിനെങ്കിലും. ഒന്നു പരീക്ഷിച്ചുനോക്കുക. ഉയർന്നജാതിക്കാരെ നിയമിച്ചിട്ടുണ്ടായ ഗുണം നല്ലപോലെധരിച്ചിട്ടാണെല്ലാ ഇപ്പോൾ അവരുടെ ഇടയിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഒരാളെ നിയമിച്ചുകിട്ടണമെന്നു് ബഹുമാനപ്പെട്ട അധഃകൃതമെമ്പർ ആവശ്യപ്പെടുന്നതു്! അവരുടെ സംരക്ഷണക്കുമാത്രമായി അനവധി സംഖ്യ ചിലവഴിച്ചിട്ടും യാതൊരുണ്ണവും ഇല്ലെന്നു പറയുന്ന സ്ഥിതിക്കു് ഈ ആക്ഷേപത്തെപ്പറ്റി ഗൗരവമായി അന്വേഷണം നടത്തി അധഃകൃതസംരക്ഷകൻ അനുഭവത്തിൽ സമരക്ഷകനല്ലെന്നു കാണുന്നപക്ഷം ഇപ്പോഴത്തെ ആളെ മാറ്റി വേറെ ഒരാളെ നിയമിക്കേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. ഈ വിഷയത്തിനുവേണ്ടി ഏതു സംഖ്യ ആവശ്യപ്പെട്ടാലും ഈ സഭ അനുവദിക്കുകയുണ്ടു്. ഇവിടെ അനുവദിക്കുന്ന സംഖ്യ നിയമായി ചിലവിടുമെന്നും, അധഃകൃത സമുദായത്തിനൊട്ടാകെ നന്മയുണ്ടാകുമെന്നും ആണു് ഞങ്ങളുടെ ഉദ്ദേശം. അങ്ങിനെയില്ലെന്നു എപ്പോൾ കാണുന്നുവോ അപ്പോൾതന്നെ ഗൗരവമായ നടപടിക്രമം നടത്തേണ്ടതാണെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ സ്പീക്കർ.—എന്റെ അഭിപ്രായം പറയുകയാണെങ്കിൽ ഈ മെമ്പറെതന്നെ ആ ജോലിക്കു വച്ചിട്ടു് ഒരു training കൊടുത്താലും വേണ്ടില്ല. ഇയാളൊരു സമർത്ഥനാണെന്നു് ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്.

Dr. A. R. Menon.—Sir, though we were averse to Members of this Council being appointed to Government posts and though we have brought here and passed a resolution by a non-official majority, and though we were defeated in that by the combined efforts of the Government and a minority of non-officials, we pressed to the Government that no Member of this Council shall be appointed to any post. Rightly or wrongly Government did not see eye to eye with us and they have appointed, on more than one occasion, Members of this Council to posts under the Government. I cannot conceive of a better selection in matters of this nature than the very Member who represents their interests here. (*Hear, hear*). Just as I said a little before, if you are going to appoint a man for the economy survey, appoint a man with enthusiasm, instead of simply deputing somebody. Similarly if you are going to appoint a man to look after the interests of these people it has been shown here to your satisfaction that for this you or I cannot be trusted. The truth of the matter is, human nature being what it is, the Ezhuva looks after the interests of the Ezhuvas, the Nayar looks after the interest of the Nayars, the Christian looks after the interest of Christians and the Brahman looks after the interest of the Brahmins. Even so the Hon'ble Member can do much more than you or I can possibly do. Therefore it would be better to serve the object you have in view by appointing, if possible, the very same person who understands his responsibilities

LIBRARY ARCHIVES Kerala Legislative Assembly

though he has not got a certificate. I know many a graduate who cannot write one sentence correctly. He has got all the necessary qualifications to safeguard the interests of his people though not a technical certificate from the University, which even you will call in question sometimes. Considering all these aspects the best thing you can do is to persuade him to accept this post.

രാമവർമ്മതമ്പുരാൻ.—Qualification വേണമെന്നു പറഞ്ഞതു് കഴിയുന്നിടത്തോളം താഴ്ത്തി അധഃകൃത വർഗ്ഗത്തിൽനിന്നും ഒരാളെ എടുക്കുവാൻ നിശ്ചയമായും ശ്രമിക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ.—എന്നാൽ ഞാനിതു പിൻവലിക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion with drawn with leave of the House.

Motion No. 3.

Mr. K. P. Vallon.—*To reduce the allotment of Rs. 15,000 for Colonies by Re. 1.*

അധഃകൃതർക്കു വേണ്ടി സ്ഥാപിച്ചിട്ടുള്ള ഭജനമഠങ്ങളിൽ കുറെ സന്ന്യാസിമാരെ നിയമിച്ചിട്ടുണ്ടു്. അവരെ എടുത്തുകളയണമെന്നു പറയുവാനാണു് ഞാൻ ഈ കട്ടു് മോഷൻ കൊണ്ടുവന്നിട്ടുള്ളതു്. അധഃകൃതർക്കു് യാതൊരു വിധത്തിലും അറിവില്ലാത്തവരാണു് ഇവർ എന്നുള്ളതു് എല്ലാവർക്കും അറിയാവുന്നതാണു്. അധഃകൃതരുടെ ഭജനമഠങ്ങളിൽ പൂജയ്ക്കുവാൻ വേണ്ടി ഇവിടെ ചില സ്ഥലങ്ങളിൽ ഒക്കെ പിച്ച യാചിച്ചുകൊണ്ടു നടക്കുന്ന—കാഷായ വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു നടക്കുന്ന—ആളുകളെ പിടിച്ചു് അവർക്കും ഹ ഠ രൂപാ, വ രൂപാ ഇങ്ങനെയുള്ള സമ്പളവും കെട്ടിത്തു് അവിടെ വാളർത്തു വയ്പിയ്ക്കുന്നു.

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—എത്തെല്ലാം ഭജനമഠങ്ങളിലാണു്?

മിസ്റ്റർ കെ. പി. വള്ളോൻ.—മാള, അനന്തപുരം, ചാലക്കുടി, മലയാറ്റൂർ, കുന്നംകുളം ഇങ്ങനെ പലയിടത്തും ഉണ്ടു്.

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—എന്തു ജാതിക്കാരാണു്?

മിസ്റ്റർ കെ. പി. വള്ളോൻ.—ഈഴവരാണു്

ഇങ്ങനെ അവിടെ വാളർത്തുവെയ്പ്പാനായിട്ടു മാത്രം ഈ സന്ന്യാസിമാരെ നിയമിച്ചു് അവർക്കു സമ്പളം കൊടുക്കേണ്ട ആവശ്യമില്ല. കുറെ കാലത്തെയ്ക്കെങ്കിലും അധഃകൃതർ നന്നാകുവാൻ വേണ്ടി ആ ജോലി അവർ തന്നെ നടത്തിക്കൊള്ളട്ടെ എന്നു വയ്പ്പതു നന്നായിരിയ്ക്കും. വാളർത്തുവയ്പ്പാനാണെങ്കിൽ അധഃകൃതരെ പരിചയപ്പെടുത്തി കൊടുത്താൽ അവർ വയ്പ്പുകയില്ലേ? ഞങ്ങളുടെ പേരും പറഞ്ഞാണു് ഇങ്ങനെയുള്ള ചതിവുകൾ ചെയ്യുന്നതെങ്കിലും അതുകൊണ്ടു് ഞങ്ങൾക്കു യാതൊരു ഗുണവും ലഭിയ്ക്കുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

ഈ സന്യാസികളെ വച്ച് ഞങ്ങൾക്കു കിട്ടേണ്ട ഗ്രാണങ്ങളെ നശിപ്പിയ്ക്കുന്നതിനേക്കാൾ ആ ഏർപ്പാടു നിറുത്തുകയാണു നല്ലതു്. ഞങ്ങളുടെ സംരക്ഷകൻ തന്നെ എസ്. എൻ. ഡി. പി. യോഗത്തിൽപെട്ട ഒരാളാണു്. അങ്ങിനെയുള്ള ആ യോഗത്തിൽ നിന്നും പുറം തള്ളിയവരാണു് ഇങ്ങിനെ സന്യാസിമാരായിരിയ്ക്കുന്ന ഈ കൂട്ടർ. അങ്ങിനെ പുറം തള്ളപ്പെട്ടവരെ പിടിച്ചാണു് ഞങ്ങളുടെ സംരക്ഷണത്തിനായി വച്ചിരിയ്ക്കുന്നതു്. ഇതു് സാധുക്കളായ അധഃകൃതരോടുള്ള മനഃപൂർവ്വം കൊണ്ടാണു്; അല്ലാതെ മറെറാന്നും കൊണ്ടു ചെയ്തതാണെന്നു് ഞാൻ വിചാരിയ്ക്കുന്നില്ല. ഈ സന്യാസിമാർ എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം അധഃപതിച്ചുപോവുകയേയുള്ളു. വെറുതെ സാധുക്കളെ പിടിച്ചു ഭക്ഷണം കഴിയ്ക്കുകയാണു് ചെയ്യുന്നതു". അവർ ദേഹത്തിനു് നല്ല ത്രാണിയുള്ള വരുമാണു്. അപ്പക്ഷം പുറമെ ജോലി ചെയ്തു വയറു നിറയ്ക്കുവാൻ വേണ്ടിയുള്ള ദേഹശക്തിയുമുണ്ടു്. അതുകൊണ്ടു് ഇങ്ങനെയുള്ളവരെ മുഴുവൻ ഈ ഭജനമഠങ്ങളിൽ നിന്നും എടുത്തു കളഞ്ഞു് പിന്നാടു ജനങ്ങൾക്കു് സന്യാസിമാർ വേണമെന്നു വരികിൽ അവരുടെ സ്ഥാനത്തു് അധഃകൃതരെ ആക്കുവാൻ വിരോധമില്ലാത്തതുമാണു്. അപ്പക്ഷം അല്പം പരിചയം വന്നു കഴിഞ്ഞാൽ ഈ വിളക്കുവയ്പിനും മറും ആരുടേയും സഹായം കൂടാതെ ചെയ്യുവാൻ കഴിയും.

ഇപ്പോഴത്തെ പുതിയ സംരക്ഷകൻ വന്നതിനു ശേഷം അദ്ദേഹം സ്ഥാപിച്ചിട്ടുള്ള ചില കാളനികളിലെ സന്യാസിമാക്കു മാത്രമെ ശമ്പളം കൊടുക്കുന്നുള്ളു. അതിനു മുമ്പുള്ള സംരക്ഷകൻ സ്ഥാപിച്ചിട്ടുള്ള കാളനികളിലൊന്നും ശമ്പളം കിട്ടുന്നില്ല. അങ്ങിനെ മൂന്നോ നാലോ എണ്ണമുണ്ടു്. അവിടെയെല്ലാം വിളക്കുവയ്ക്കുന്നതു് അധഃകൃതർ തന്നെയാണു്. അവക്കു് യാതൊന്നും തന്നെ കിട്ടുന്നില്ല, അതുകൊണ്ടു് ഗവർമ്മെണ്ടു് ഈ കാര്യം പ്രത്യേകമായി ശ്രദ്ധിച്ചു് ഈ സന്യാസിമാരെ എടുത്തുകളയണമെന്നപേക്ഷിയ്ക്കുവാനാണു് ഞാൻ ഈ കട്ടുമോഷൻ കൊണ്ടുവന്നിട്ടുള്ളതു്.

മിസ്റ്റർ പി. എസ്സു്. കേശവൻനമ്പൂതിരി.—ഈ സന്യാസിമാരെ ഗവർമ്മെണ്ടിൽ നിന്നും നിയമിച്ചാണോ ശമ്പളം കൊടുക്കുന്നതു്?

രാമവർമ്മതമ്പുരാൻ.—ഈ സന്യാസിമാരെ വച്ചിട്ടുള്ള വിവരമേ ഗവർമ്മെണ്ടിനറിവില്ല. ചില കാളനികളിലെല്ലാം അധഃകൃതരുടെ കൂട്ടത്തിൽ പല ജാതിക്കാരുമുണ്ടു്. ഒരാളെ അതിൽനിന്നും വാർഡൻ ആയിട്ടു വച്ചിട്ടുണ്ടു്. അല്ലാതെ ഒരാളേയും സന്യാസിയെന്നോ, മേൽശാന്തിയെന്നോ ഉള്ള നിലയിൽ വച്ചിട്ടില്ല. ഒരു കാളനിയിലുള്ള സകല നിവാസികൾക്കും ഒരു പോലെ

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറിമാരാകുന്നതിനായി വേറെ ജാതിയിൽ നിന്നു് ഒരു അധ്യക്ഷനെ വാർഡൻ ആയിട്ടു വച്ചിരിയ്ക്കുകയാണു്. ഇങ്ങനെ അഞ്ചോ കാളനികളിൽ വാർഡൻമാരെ വച്ചിട്ടുണ്ടു്. അവർക്കു് അളവു് ഒന്നിനു് വ, ഫ ഠ, ഫ ള ഉരുപ്പിക വീതം ശമ്പളം കൊടുക്കുന്നുമുണ്ടു്. മെമ്പർ പറഞ്ഞതുപോലെ ഈ കായ്മത്തെ സംബന്ധിച്ചു് പ്രൊട്ടക്ടരോടു് എഴുതി ചോദിച്ചു മറുപടി നോക്കി വേണ്ടതു ചെയ്യാം.

The House rose for lunch at 2 P. M. and met again at 3 P. M. with the Deputy President in the Chair.

ഡപ്യൂട്ടി പ്രസിഡണ്ടു്.—മിസ്റ്റർ വള്ളോൻ പറയേണ്ടതു പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. വേറെ ആക്കെങ്കിലും ഇതിനെ കുറിച്ചു പറയുവാനുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു്.—സർ, ഈ കണ്ടാമണ്ടികളൊന്നും കുറച്ചു കാലത്തേക്കു് ഇല്ലാതിരുന്നാൽ കൊള്ളാമായിരുന്നു. സന്ന്യാസിമാരേയുംമറ്റും പിടിച്ചു് ഭജനമഠങ്ങളിൽ താമസിപ്പിച്ചു് അവരെകൊണ്ടു വിളക്കുവയ്പിക്കുകയും ഭജനകർമം നടത്തിക്കുകയും മറ്റും ചെയ്യുന്നതു യാതൊരു വിധത്തിലും ഗവമ്മെണ്ടു ചെയ്യേണ്ടതല്ല. ഭജനമഠങ്ങൾ ഉണ്ടാക്കി കൊടുക്കുക, വിളക്കു വക്കാൻ വേണ്ട സംഖ്യ കൊടുക്കുക എന്നിതുകളെല്ലാം ചെയ്കയല്ലാതെ ഇങ്ങനെയുള്ള സന്ന്യാസിമാരേയുംകൂടി പിടിച്ചുകൊണ്ടു വക്കേണ്ടുമതലയുംകൂടി ഗവമ്മെണ്ടു് എടുക്കേണ്ട ആവശ്യമില്ല. സന്ന്യാസിമാർ അത്യാവശ്യമാണെന്നുണ്ടെങ്കിൽ എത്രയോ പേരെ കാണും. അവരിൽ ആരെ വേണമെങ്കിലും അവരുടെ ഇഷ്ടപോലെ പിടിച്ചുകൊണ്ടുവന്നു വച്ചുകൊള്ളട്ടേ. അതാണുവേണ്ടതു്. അവർക്കു ഭജനമഠങ്ങളുണ്ടാക്കി, മതസ്ഥാപനങ്ങളുണ്ടാക്കി, അധ്യക്ഷ സംരക്ഷ ഡിപ്പാർട്ടുമെണ്ടും ഉണ്ടാക്കി. അവ അവർക്കു് ആവശ്യമുള്ള ഉദ്ധാരണത്തിനു ധാരാളം മതിയാകുന്നതാണു്. അങ്ങിനെയിരിക്കെ ഗവമ്മെണ്ടു് ന്യായത്തിയുള്ളിടത്തോളം ഈ വക കായ്മങ്ങളിൽ പ്രവേശിക്കാതിരിക്കുകയാണു നല്ലതു്. ഞാൻ ടെയിനിൽ പോകുന്ന വഴിക്കു് ചിലപ്പോഴൊക്കെ ചിലമഠങ്ങൾ കണ്ടതായിതോന്നുന്നുണ്ടു്. എന്നാൽ ഇപ്പോഴാണു് അതു് സന്ന്യാസിമാരുടെ വാസസ്ഥലമാണെന്നു് എനിക്കു മനസ്സിലായതു്.

മിസ്റ്റർ പി എസ്സ്. കേശവൻ നമ്പൂതിരി.—ഈ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. സാധാരണമായി സന്ന്യാസിമാർ, വളരെ ഈശ്വര വിശ്വാസവും, അറിവും ഉള്ളവരാണു്. എന്നാൽ ഇങ്ങനെയുള്ള സന്ന്യാസിമാർ വാസ്തവത്തിൽ വെറും അന്ധവിശ്വാസികൾ മാത്രമാണു്. അവർക്കു് ഫ ഠ -ം ഫ ള -ം ഉരുപ്പിക ശമ്പളം കൊടുത്താണു് അവിടെ താമസിപ്പിച്ചിരിക്കുന്നതു്. നല്ല പഠിപ്പും, അറിവുമുള്ള ആളുകളെ ആ ജോലിയിൽ നിയമിച്ചാൽ സാമുദായികമായുള്ള ഏതു ബുദ്ധിമുട്ടുകളേയും തടഞ്ഞു നിർത്തി

LIBRARY ARCHIVES Kerala Legislative Assembly

അധഃകൃതക്കു ഏതാണാവശ്യമെന്നറിഞ്ഞു" അവയെ എല്ലാം ശേഖരിച്ചുകൊള്ളും. അതിലേക്കുവേണ്ടി ഇപ്പോൾ ചെയ്യുന്ന മാതിരിയുള്ള അനാവശ്യമായ ചിലവിനൊന്നും ഇടവരുകയുമില്ല. അങ്ങിനെ വിദ്യാഭ്യാസവും കായ്പ്രാപ്തിയുമുള്ള ആളുകളെ വച്ചാൽ ഒരിക്കലും ഈ വിധത്തിൽ ഉണ്ടാകുന്ന തക്കേടുകൾക്കൊന്നും കാരണം ഉണ്ടാകയുമില്ല. യോഗ്യന്മാരായ സന്യാസിമാരാരും ഫ ഠം ഫ ങ് ഉടുപ്പിക സമ്പ്രദായത്തിനു നില്ക്കുന്നവരുമല്ല. നല്ല യോഗ്യന്മാരായ ആളുകൾതന്നെ ഇപ്പോൾ ശ്രീരാമകൃഷ്ണാശ്രമത്തിലുണ്ടു". അവർ നല്ല പഠിപ്പുള്ളവരാണു". അവരെല്ലാം ഇഹലോക വിഷയത്തിലുള്ള എല്ലാ സുഖങ്ങളേയും ഉപേക്ഷിച്ചു് സന്യാസവൃത്തിയിലിരിക്കുന്നവരാണു." അവരെ കുറിച്ചു് എല്ലാവക്കും ബഹുമതിയാൺള്ളതു്. ഇങ്ങനെയുള്ള ആളുകളെ ഈ ഭജനമഠങ്ങളിൽ ഏല്പിട്ടതായാൽ നല്ലതാണു". അല്ലാതെ ഇത്തരത്തിൽ ഉദ്യോഗത്തിൽ മാത്രം ആഗ്രഹമുള്ള സന്യാസിമാരെ വച്ചുകൊണ്ടിരുന്നാൽ പണച്ചിലവു മാത്രമല്ല, അന്ധവിശ്വാസങ്ങൾ വർദ്ധിച്ചു് ആളുകൾതമ്മിൽ മത്സരത്തിനും ഇടയാകും. അതുകൊണ്ടു് ഈ സന്യാസികളെ കൂടാതെ കഴിക്കുവാൻ ഗവമ്മെണ്ടു ശ്രമിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു".

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ.—എനിക്കു് ഈ പ്രമേയത്തെ സംബന്ധിച്ചു് ഒരു ചെറിയ അഭിപ്രായവ്യത്യാസം തോന്നീട്ടുണ്ടു്. അതുകൊണ്ടാണു് ഞാൻ ഇവിടെ എഴുനേറ്റു നില്ക്കുന്നതു്. അതെന്താണെന്നു വച്ചാൽ സന്യാസിമാർ വേണോ വേണ്ടയോ, യഥാർത്ഥ സന്യാസിമാരാണെങ്കിൽ അവരെ ഫ ഠ ശ്രീപാക്കു കിട്ടുമോ ഇല്ലയോ എന്നെല്ലാമുള്ള തക്കുപ്പെട്ട സംഗതികളെ പറ്റിയല്ല നാം ഇവിടെ നോക്കേണ്ടതു്. യഥാർത്ഥ സന്യാസിമാരാണെങ്കിൽ അവക്കു പണം കൊടുക്കേണ്ട ആവശ്യമേ ഇല്ല. അവരുടെ ഭക്ഷണത്തിനാവശ്യമുള്ളതുമാത്രം—അവരുടെ ജീവനെ നിലനിർത്തുവാൻ മാത്രം—വല്ലതും കൊടുത്താൽ മതി. അവക്കു് പണത്തിൽ മോഹമുണ്ടായിരിക്കുകയില്ല. അങ്ങിനെയുള്ളവക്കു് ഈ ഫ ഠ ശ്രീപാ ധാരാളം മതി. അതു ഒരു അലവൻസായിട്ടുമാത്രമേ വിചാരിക്കേണ്ടതുള്ളു. ഇനി ഒരു കാര്യം കൂടി പറയാനുണ്ടു്. നിങ്ങൾ ഈവിഷയത്തെപറ്റി ഇവിടെ വാദപ്രതിവാദം നടത്തുമ്പോൾ നിങ്ങളുടെ കൂട്ടത്തിലുള്ള ആളുകളുടെ നിലയിൽ ഈ സന്യാസിമാരേയും അധഃകൃതവർഗ്ഗത്തിൽ ഉൾപ്പെടുന്നുണ്ടോ എന്നുള്ള സംശയമാണു് എനിക്കു തോന്നിയതു്. ഈ സന്യാസിമാർ വേണോ വേണ്ടയോ എന്നു ചോദിച്ചാൽ അധഃകൃതക്കു് ക്രിസ്തുമതക്കാരേയും മുഹമ്മദുമതക്കാരേയും പോലെ ഹിന്ദുമതത്തിൽ ശരിയായി കാൽ ഉറച്ചു നില്ക്കുന്നതിനുവേണ്ടിയുള്ള പ്രാപ്തി സ്വന്തമായിട്ടുണ്ടോ എന്നാണു് നോക്കേണ്ടതു്. അങ്ങിനെ നോക്കുമ്പോൾ അവക്കു സഹായത്തി

LIBRARY ARCHIVES Kerala Legislative Assembly

ന ഒരു രക്ഷകൻ കൂടാതെ നിവൃത്തിയില്ല. അതുകൊണ്ടാണ് ഒരു രക്ഷകനെ അവക്ക് വേണ്ടി വയ്ക്കുവാനിടയായിട്ടുള്ളതു്. അവരുടെയിടയിൽനിന്നുതന്നെ ആളുകളെ എടുത്തു ജോലിക്കു വയ്ക്കുകയെന്നുള്ളതു് അത്ര എളുപ്പമല്ല. എല്ലാത്തിനും തുണിയുള്ള ആളുകൾ അവരുടെയിടയിൽ ഉണ്ടാകയില്ല. അവക്ക് "ലേബർ ഡിപ്പാർട്ട്മെണ്ടു വേണം. മതസ്ഥാപനങ്ങൾ വേണം. ഈശ്വർ വിശ്വാസമുണ്ടാക്കി കൊടുക്കണം. ഇതിനെല്ലാം വേണ്ടിയുള്ള ആളുകൾ അവരിൽനിന്നുതന്നെ എടുത്തു വയ്ക്കുവാൻ ഇപ്പോൾ സാധിക്കുന്നതല്ല. ഒന്നാമതു് ഈശ്വരനെന്നാലെന്താണെന്നു തന്നെ അവക്കു നിശ്ചയമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—മറുള്ളവക്കു നിശ്ചയമുണ്ടോ ഈശ്വരൻ എന്താണെന്നുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—സാധാരണയായിട്ടു അധഃകൃരെ അപേക്ഷിച്ചു് അല്പമെങ്കിലും കൂടുതൽ ഈശ്വരനെപ്പറ്റി അറിയുവാൻ മറുള്ളവക്കു കഴിയും.

മിസ്റ്റർ കെ. അയ്യപ്പൻ.—ബഹുമാനപ്പെട്ട മെമ്പർക്കു നിശ്ചയമുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—എനിക്കു കുറച്ചുണ്ടെന്നു തോന്നുന്നുണ്ടു. അതിലെനിക്കഭിമാനവുമുണ്ടു്. നിങ്ങൾക്കു ഇല്ലെന്നാണു് വിശ്വാസമെങ്കിൽ അങ്ങിനെയാകട്ടെ.

ഈ വിഷയത്തെപ്പറ്റി നമുക്കു് ഇവിടെ വാദപ്രതിവാദം നടത്തണമെന്നു തോന്നുന്നില്ല അവരെ സംബന്ധിച്ചിടത്തോളം എനിയ്ക്കു ധൈര്യമായി പറയാൻ കഴിയും. ഞാനും അവരുടെ ഇടയിൽ പെരുമാറീട്ടുള്ളവനാണു്. അവരുടെ ഏകദേശമുള്ള സ്ഥിതികളെല്ലാം എനിയ്ക്കും അറിവുണ്ടു്.

മിസ്റ്റർ എം. എ. ചാക്കോ.—അവർ എന്നു പറഞ്ഞാൽ ആരാണു്? അധഃകൃതരോ സന്യാസിമാരോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ.—സന്യാസിമാരെക്കുറിച്ചല്ല പറഞ്ഞതു്. സന്യാസിമാരിലും കള്ള സന്യാസിമാരും ഉണ്ടാകും. എന്നാൽ ഈ സന്യാസിമാരുടെ വസ്ത്രംകണ്ടിച്ചു ചോത്തു കള്ളന്മാരാണു്; അല്ലെങ്കിൽ ഫോട്ടോ വാങ്ങിക്കുന്നതുകൊണ്ടു് അവർ കള്ളന്മാരാണു, എന്നു് ഉൗഹിയ്ക്കുന്നതു ന്യായമല്ലെന്നാണു് ഞാൻ പറയുന്നതു്. അതു തെറ്റായ ഉൗഹം മാത്രമാണു്. യഥാർത്ഥത്തിൽ അധഃകൃതവർഗ്ഗക്കാരുടെ സ്ഥിതി നോക്കിയാൽ അവരുടെ വിദ്യാഭ്യാസം മുതലായ സകല കാര്യങ്ങൾക്കും ഒരു സഹായം ആവശ്യമായിട്ടാണിരിയ്ക്കുന്നതു്. അവരുടെ ഇടയിൽതന്നെ പലേ ഭിന്നവർഗ്ഗക്കാരുമുണ്ടു്. തമ്മിൽ തമ്മിൽ തൊടുവാൻ പാടില്ലാത്തവർതന്നെയുണ്ടു്. അങ്ങിനെയുള്ള വൃത്യാസം ആദിമാ

LIBRARY ARCHIVES Kerala Legislative Assembly

യി ഇല്ലാതാക്കുകയാണ വേണ്ടതു്. അതിനെ ഇല്ലാതാക്കണമെ ങ്കിൽ അവരിൽ പഠിപ്പും, അറിവും ഉണ്ടായിരിക്കണം. അ വക കാര്യങ്ങൾക്കുവേണ്ടി ഒരു അധ്കൃത രക്ഷാധികാരിയെ വച്ചിട്ടു മുണ്ടു്. അദ്ദേഹവുമായി വളരെ കാര്യമായിട്ടൊന്നും പരിചയപ്പെ ടുവാൻ എനിയ്ക്കു സംഗതിയായിട്ടില്ലെങ്കിലും, രണ്ടുമൂന്നു കാര്യ ങ്ങളിൽ അദ്ദേഹം ഈ അധഃകൃതരുടെ ഉന്നമനത്തിനുവേണ്ടി നി ല്ലുപോലെ: ക്ലേശിയ്ക്കുന്നതു് ഞാൻ എന്റെ കണ്ണിൽ കണ്ടിട്ടുണ്ടു്. യഥാർത്ഥ അനുഭവത്തോടുകൂടി പെരുമാറുന്ന ആളാണെന്നാ ണു് എനിയ്ക്കു തോന്നുന്നതു്. ഇങ്ങിനെയുള്ള ഒരാളെ പൊതു വായിട്ടു് സന്ന്യാസിമാരൊടൊപ്പം ചേർത്തു് ദുഷിയ്ക്കുന്നതു് ഒരിക്ക ലും നന്നായിരിക്കയില്ല. ആക്ഷേപമുള്ള ആളെ മാറുകയല്ലാതെ ഈ സന്ന്യാസിമാരെയെല്ലാം മാറണമെന്നു പറയുന്നതു ഒട്ടും നന്നല്ല. അങ്ങിനെതന്നെയാണു് ഈ സഭയും അഭിപ്രായപ്പെട്ട ന്നതെങ്കിൽ അതു് അധഃകൃതരുടെ ഉന്നമനത്തിനു് ഒടുവിൽ വള രെ ഹാനികരമായിതീരും എന്നു വിചാരിച്ചാണു് ഇതയും പറയാ നായി ഞാൻ ഇവിടെ എഴുനേറ്റതു. ഇതയും പറഞ്ഞുകൊണ്ടു് ഞാൻ ഇതിനെ എതിർക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.—പ്രൊട്ടക്ടരുടെ ഉദ്യോഗ നിയമന ങ്ങളെപ്പറ്റി പറഞ്ഞപ്പോൾ അദ്ദേഹത്തെ പരിച്ചു വിടണമെ ന്നുകൂടി ഒരു മെമ്പർ വാദിക്കയുണ്ടായി. അധഃകൃതർക്കു കൊടുക്കാ വുന്ന ജോലികളെല്ലാം അവർക്കു കൊടുക്കുന്നില്ലെന്നുള്ളതാണു് അ ദ്ദേഹത്തെപ്പറ്റി പറയാനുള്ള ആക്ഷേപം. മൂന്നു പ്രാപ്തിമാരെ വച്ചതിൽ ഒന്നു് ഈഴവനും ഒന്നു് നായരും ഒന്നു് അധഃകൃതനുമാ ണു്. ഇതാണോ അദ്ദേഹത്തെ പരിച്ചുവിടാൻ മതിയായ കാ റണം! ചില ഡിപ്പാർട്ടുമെണ്ടുകളിലെ ഉദ്യോഗ നിയമനങ്ങളുടെ കണക്കു വായിച്ചു ഞാൻ ഡിപ്പാർട്ടുമെണ്ടുതലവന്മാരുടെയും മാറും, അവർ കാണിക്കുന്ന ജാതിപക്ഷപാതം പുറത്തുകൊണ്ടുവന്നപ്പോൾ പ്രൊട്ടക്ടരുടെ നേരെ കാണിക്കുന്നമാതിരിവെറുപ്പു കാണിക്കുവാൻ ആരേയും കണ്ടിട്ടില്ല. പ്രൊട്ടക്ടരുടെ നിയമനങ്ങളിൽ ന്യൂനത യുണ്ടെങ്കിൽ അതു പരിഹരിക്കണ്ടെന്നു ഞാൻ പറയുന്നില്ല. പ ക്ഷെ അതിനു് അദ്ദേഹത്തെ സെൻഷുർ ചെയ്യുന്നതു ശരിയാണൊ എന്നാണു് ഞാൻ ചോദിക്കുന്നതു്- (Hear Hear)

അധഃകൃത ഡിപ്പാർട്ടുമെണ്ടു് മതകാര്യത്തിൽ എടുത്തിരിക്കു ന്ന നയത്തിനു് ഇപ്പോഴത്തെ പ്രൊട്ടക്ടർ ഉത്തരവാദിയല്ല. അ ദ്ദേഹം മുമ്പിലത്തെ നയത്തെ തുടരുന്നതേയുള്ളു. അധഃകൃതർക്കു് നല്ല ആചാരങ്ങൾ ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടുകൂടി ഗവമ്മെ ണ്ടിൽനിന്നു മുമ്പു് ഒരു പുസ്തകം പരസ്യം ചെയ്തിട്ടുണ്ടു്. അതി ൽ ഗുണപാഠമായിട്ടുള്ള സ്തോത്രവും മറ്റും ഉണ്ടു്. സന്ന്യാസിമാരെ ഭജന

LIBRARY ARCHIVES Kerala Legislative Assembly

മഠങ്ങളിൽ വയ്ക്കാൻ ഇടയായതു് മുമ്പിലത്തെ നയം തുടർന്നതുകൊണ്ടല്ലാതെ മറെറാരു കാരണവുംകൊണ്ടാകയില്ല. പക്ഷെ സന്ന്യാസിമാരെ വയ്ക്കേണ്ട ആവശ്യമില്ലെന്നാണു് എന്റേയും അഭിപ്രായം. രാമകൃഷ്ണ മിഷ്യനിലെ സന്ന്യാസിമാരെ വെയ്ക്കണമെന്നു് ഒരു മെമ്പർ പറയുകയുണ്ടായി. അതുകൊണ്ടും ഗുണമുണ്ടാകയില്ല. അവർക്കു് അന്ധവിശ്വാസങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പ്രസംഗിക്കുവാൻ സാധിക്കുമെന്ന വ്യത്യാസമേയുള്ളു.

മിസ്റ്റർ പി. എസ്സു്. കേശവൻ നമ്പൂതിരി.—എല്ലാ സന്ന്യാസിമാരും അന്ധവിശ്വാസികളാണോ?

മിസ്റ്റർ കെ. അയ്യപ്പൻ.—മതങ്ങളാകപ്പാടെ അന്ധവിശ്വാസങ്ങളാണു്. ഓരോ മതക്കാരും അവരവരുടെ മതം ശരി; മറുമതങ്ങൾ അന്ധവിശ്വാസങ്ങൾ എന്നു വിശ്വസിക്കുന്നു. അതിക്കാട്ടു മെമ്പർ പറഞ്ഞതുപോലെ ദൈവമ്മേണ്ടു് അധഃകൃതരുടെ മതകാര്യത്തിൽ പ്രവേശിക്കാതിരിക്കയാണു്. നല്ലതു്. വാസ്തവത്തിൽ മതം നശിച്ചെങ്കിലെ അധഃകൃതക്കു് തലപൊക്കാൻ സാധിക്കയുള്ളു. അധഃകൃതരുടെ താഴ്ചക്കു് ഏറ്റവും പ്രധാനമായ കാരണം ഈ രാജ്യത്തെ ചില മതവിശ്വാസങ്ങൾമാത്രമാണു്.

മിസ്റ്റർ കെ. മുഹമ്മദു് സീതി.—ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിയ്ക്കുന്നു. ഈ അധഃകൃതവർഗ്ഗക്കാരുടെയിടയിൽ ഈശ്വരവിശ്വാസവും മതഭക്തിയും ഉത്തേജിപ്പിയ്ക്കുന്നതിനു് അവരിൽ ഉപദേഷ്ടാക്കൾ ഉണ്ടായിരിയ്ക്കുന്നതു് എല്ലാം കൊണ്ടും അത്യന്തം ഉപകാരപ്രദമാണു്. പക്ഷെ മതമെന്നുള്ള പേരിൽ അവർക്കു് അതു പഠിപ്പിച്ചു കൊടുത്തതുകൊണ്ടു മാത്രമായില്ല. സദാചാരബോധവും ഈശ്വരവിശ്വാസവും കൂടി മതപഠനം മൂലം ഉണ്ടാകുവാനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുക്കുന്നതു നല്ലതാണു്. ഈ സദാചാരബോധവും ഈശ്വരവിശ്വാസവും ഉണ്ടായാൽ മാത്രമേ അധഃകൃതർക്കു അവരുടെ സങ്കടത്തിൽ നിന്നും രക്ഷപ്പെടുവാൻ മാർഗ്ഗമുള്ളുവെന്നാണു് എന്റെ വിശ്വാസം. അതൊന്നും ചെയ്തുകൊടുക്കാതെ അവരുടെ ഭജനമഠങ്ങളിൽ ഭജനം മൂത്തു് ഉഴാണ്മയാകുവാൻ വന്നിട്ടുള്ള—എസ്സു്. എൻ. ഡി. പി. യോഗത്തിൽ നിന്നും പുറത്താക്കപ്പെട്ടവരായ—(അതിനെ സംബന്ധിച്ചു വാദങ്ങൾ നടന്നുവെങ്കിലും കേസായില്ലെന്നാണു കേട്ടതു്) സന്ന്യാസിമാരെ കൊണ്ടു വച്ചിട്ടുള്ളതിൽ നിന്നും ഒരു പ്രയോജനവും അവർക്കുണ്ടാകുവാനില്ല. അതിനാൽ അധഃകൃതർക്കു വേണ്ടവിധത്തിൽ മാർഗ്ഗദർശിത്വത്തിനുള്ള വഴികളന്വേഷിച്ചു് അതിനു വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുക്കേണ്ടതു് ആവശ്യമാകുന്നു. വാസ്തവത്തിൽ ഇങ്ങനെയുള്ള സന്ന്യാസിമാർക്കു വേണ്ട വിധത്തിൽ മതോപദേശം ചെയ്യുവാനോ, സന്മാർഗ്ഗോപദേശം ചെയ്യുവാനോ ഉള്ള അ

LIBRARY ARCHIVES Kerala Legislative Assembly

ത്തീയമായ മാർഗ്ഗദർശിത്വം ഉണ്ടായിരിയ്ക്കുകയില്ല. അതുകൊണ്ട് സന്യാസിമാരെ വച്ചിട്ടുള്ളതിനെ കുറിച്ചു പറഞ്ഞ ആക്ഷേപങ്ങളെ ഞാൻ അനുകൂലിയ്ക്കുകയും, ഈ ഭജനമഠങ്ങളിൽ പ്രതിഫലേച്ഛ കൂടാതെ ഉപദേശിയ്ക്കുവാൻ കഴിയുന്നവരെ വച്ച് അധഃകൃതരുടെയിടയിലുള്ള അന്ധവിശ്വാസങ്ങളെ ഇല്ലാതാക്കത്തക്ക വിധത്തിൽ അവരെ സഹായിയ്ക്കുകയും ഉദ്ധരിയ്ക്കുകയും ചെയ്യണമെന്നു് ഞാൻ അവസാനമായി അപേക്ഷിച്ചുകൊണ്ടു് ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

രാമവർമ്മതമ്പുരാൻ.—കുറച്ചു മുമ്പേ പറഞ്ഞതിൽ വിശേഷമായിട്ടു യാതൊന്നും പറയുവാനില്ല. ഒരു വാർഡനെ വച്ചിരിയ്ക്കുന്നു. അവരിൽ തന്നെയുള്ള പലേ ജാതിക്കാരും, വർഗ്ഗക്കാരും തമ്മിൽ തർക്കമുണ്ടാകുമെന്നുള്ളതു കൊണ്ടു് അവരിൽ നിന്നല്ലാത്ത വേറെ ഒരു ആളെയാണു് വച്ചിരിയ്ക്കുന്നതു്. അല്ലാതെ സന്യാസിമാരെ വച്ചതായിട്ടോ, സന്യാസിമാർക്കു് മമ്പളം കൊടുത്തുവരുന്നതായിട്ടോ ഗവർമ്മെണ്ടിനറിവില്ല. ഇതല്ലാതെ മറ്റൊന്നും മറുപടിയായി പറയാനില്ല.

ഡപ്യൂട്ടി പ്രസിഡെണ്ടു്.—മിസ്റ്റർ വള്ളോനു് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

മിസ്റ്റർ കെ. പി. വള്ളോൻ.— അധഃകൃതർക്കു് ഭജനമഠങ്ങൾ വച്ചുകൊടുത്തിട്ടുള്ളവരെ പറഞ്ഞിയും, അവിടെ ഇപ്പോൾ താമസിച്ചുവരുന്നവരെ സംബന്ധിച്ചും എനിയ്ക്കു് ഒന്നും പറയുവാനില്ല. എന്നാൽ ഈ സന്യാസിമാരായ ആളുകൾക്കു് അവിടെ മമ്പളവും കൊടുത്തു വച്ചിരിയ്ക്കുന്നതിനാൽ അവരെ എടുത്തുകളയണമെന്നാണു് ഞാൻ പറയുന്നതു്. ഈ സന്യാസിമാരിൽ നിന്നും തന്നെ പല അവശതകളും കാളനിവാസികൾക്കു നേരിടുന്നതായി അവിടെയുള്ള കൂട്ടുകാർ എഴുത്തുകളയച്ചിട്ടുള്ളതിൽ നിന്നും, എനിയ്ക്കു നേരിട്ടുള്ള അനുഭവത്തിലും അറിയാം. എന്നാൽ ഈ അധഃകൃതരുടെയിടയിൽ ഇങ്ങിനെ സന്യാസിമാരായി പോകുന്നവർ, സാമുദായിക വേലയ്ക്കായി പോകുന്നവരോ എങ്ങിനെയുള്ളവരാണു് എന്നുള്ളതു് പരീക്ഷിച്ചു നോക്കീട്ടു വേണം അവരെ അങ്ങോട്ടു കടത്തുവാൻ. ചിലർ അവിടെ കുടുംബ സമേതം താമസിയ്ക്കുന്നവരായിരിയ്ക്കും. മറ്റു ചിലർ ചെറുപ്പക്കാരായിരിയ്ക്കും. മാള എന്ന സ്ഥലത്തു് ഈച്ചരാനന്ദൻ എന്ന പേരായ ഒരു സന്യാസി പ്രകൃതിവിരുദ്ധമായ ഒരു കേസുണ്ടാക്കീട്ടുണ്ടു്. അതു പക്ഷേ തുറന്നു പറയുവാൻ എനിയ്ക്കു ലജ്ജ തോന്നുന്നുണ്ടു്. ഞാൻ ഈ അടുത്തയവസരത്തിൽ കുറെ കാളനികളിലൊക്കെ പോയിരുന്നു. അപ്പോൾ ഞാൻ ഈ കാളനിയിലും പോയി. അവിടെ പോയപ്പോൾ അവരുടെ മറ്റാവശ്യങ്ങൾ എല്ലാം എന്നെ പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞു കേൾപ്പിച്ച കൂട്ടത്തിൽ അവിടെയുള്ള സന്യാസിമാരുടെ വിവരത്തെ സംബന്ധിച്ചു" അതു സംഭവിച്ചു ഒരു കൂട്ടി എന്റെ പക്കൽ നേരിട്ടെഴുതി തരികയും അതു വായിച്ചു നോക്കീട്ടു" ഇതിനെ ന്തെങ്കിലും മാറ്റുമുണ്ടാക്കി തരാമെന്നു" അവിടെ വച്ചു സത്യം ചെയ്കയും ചെയ്തിട്ടുണ്ടു". ഈ സംഗതിയെ കുറിച്ചു വിശദമായി മഹതി പേപ്പറിൽ പരസ്യം ചെയ്തിരുന്നതു" വായനക്കാരെല്ലാം അറിഞ്ഞിരിയ്ക്കും. ഇങ്ങിനെയുള്ള അവശതകൾ ഇനിയും നേരിടാതിരിയ്ക്കുവാൻ വേണ്ടിയാണു" ഇവരെ എടുത്തുകളയണമെന്നപേക്ഷിയ്ക്കുവാനായി ഈകട്ടമോഷൻ ഇവിടെ അവതരിപ്പിച്ചതു".

ഇതര മതസ്ഥന്മാർ വന്നാൽ അധികൃതർക്കു" നന്നാകാൻ വഴിയില്ല. അവർ നന്നാകണമെന്നുണ്ടെങ്കിൽ അധികൃതരോടു" കുറച്ചെങ്കിലും അനുഭാവമുള്ളവരോ, അല്ലെങ്കിൽ അധികൃതരിൽ നിന്നു തന്നെ നല്ല മനസ്ഥിതിയോടു കൂടിയുള്ളവരോ ആയിരിയ്ക്കണം. അവർ ഇവരെ പോലെ വേഷം കെട്ടിക്കൊണ്ടു" ധിക്കാരങ്ങളൊന്നും ചെയ്കയില്ല. അതുകൊണ്ടു" ഗവമ്മെണ്ടു" എന്റെ ഈ അപേക്ഷയെ സ്വീകരിച്ചില്ലെങ്കിൽ—ഇവിടെ സ്വീകരിയ്ക്കുന്ന ഭാവമൊന്നും കണ്ടില്ല —എനിയ്ക്കു" മാത്രമല്ല, അധികൃതർക്കു ഒട്ടാകെ വളരെ സങ്കടമുണ്ടു". ഏതായാലും ഞാൻ ഈ കട്ടു"മോഷനെ ഇവിടെ പ്രസ്സു ചെയ്യുവാൻ തന്നെ തീരുമാനപ്പെടുത്തുന്നു.

ഡപ്യൂട്ടിപ്രസിഡെണ്ടു".—ഈ കട്ടു"മോഷനിൽ കൊടുത്തിട്ടുള്ള പ്രകാരമാണെങ്കിൽ ഒരപേക്ഷയും കാണുവാനില്ല. ചില ആക്ഷേപങ്ങൾ രേഖപ്പെടുത്താൻ എന്നു മാത്രമേ കാണുന്നുള്ളു.

മിസ്റ്റർ കെ. മുഹമ്മദ" സീതി.—ഉണ്ടു". ആക്ഷേപമുണ്ടു".

ഡപ്യൂട്ടിപ്രസിഡെണ്ടു".—ഇതിൽ ആക്ഷേപം രേഖപ്പെടുത്താൻ എന്തോയുള്ളു. ആക്ഷേപം മുഴുവൻ കഴിയുകയും ചെയ്തു. ഇനി ഇതിനെ എന്താണു വേണ്ടതെന്നു കുറച്ചുകൂടി വിശദമാക്കി പറഞ്ഞാൽ :— — — — — —

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതു" ഒരു ആക്ഷേപമാണെന്നു ഗവമ്മെണ്ടിനു" തോന്നുന്നുണ്ടെങ്കിൽ ഇങ്ങിനെയുള്ള സന്യാസിമാരെ ഉടനെ തന്നെ അധികൃതരുടെയിടയിൽ നിന്നും എടുത്തുകളയേണ്ടതാണു".

ഡപ്യൂട്ടിപ്രസിഡെണ്ടു".—അധികൃതരുടെ ഭജനമഠങ്ങളിലെ സന്യാസിമാരെ എടുത്തുകളയേണ്ടതാണു" എന്നല്ലേ?

മിസ്റ്റർ കെ. പി. വള്ളോൻ.—അതെ.

The motion was put and carried.

Motion No. 4.

Mr. K Ayyappan.—*To reduce the allotment of Rs. 24,683 for General Economical and Social by Re. 1.*

മതം കൂടാതെ അധികൃതരെ ഉദ്ധരിയ്ക്കുവാനുള്ള ഒരു മാർഗ്ഗത്തെപ്പറ്റിയാണു" ഞാൻ പറയുന്നതു". പുതുവൽ പതിച്ചു കൊ

LIBRARY ARCHIVES Kerala Legislative Assembly

ടുക്കുന്ന കാര്യത്തിലുള്ള താമസത്തിനു് അധഃകൃത സംരക്ഷകൻ ഉത്തരവാദിയാണെന്നു തോന്നുന്നില്ല. അതു ചെയ്യുവാനുള്ളവർ റവന്യൂ ഡിപ്പാർട്ട്മെൻറുകാരാണല്ലോ. ഈ രാജ്യത്തെ സ്ഥിതി മുഴുവൻ എനിയ്ക്കു് അറിഞ്ഞുകൂടാ. എളങ്കുന്നപ്പുഴ മുതലായ സ്ഥലങ്ങളിൽ അധ്യക്ഷൻ പുതുവലിനു അപേക്ഷ കൊടുത്തിട്ടു് വളരെകാലമായി. അവരിൽ പലരും എന്നോടതന്നെ പറഞ്ഞിട്ടുള്ളതാണു്. അവരുടെ വിചാരം ഈ സംഗതി കൌൺസിൽ മെമ്പർമാരോടു പറഞ്ഞു് അവരെക്കൊണ്ടു കൌൺസിലിൽ ചോദിപ്പിച്ചാൽ ഉടനെ അതു സാധിയ്ക്കുമെന്നാണു്. പുതുവൽ പതിവു നാലുമണ്ണും കൊല്ലം ആവശ്യമുള്ള പ്രോസസ്സാണെങ്കിൽ അതിൽ പുലയരെ സംബന്ധിച്ചു വല്ല മാറ്റവും ചെയ്യേണ്ടതാണു്. പതിച്ചുകൊടുത്താലും എത്രയാണു് കൊടുക്കുക; അഞ്ചോ പത്തോ സെൻറു കൊടുക്കാൻ തീർച്ചയാക്കീട്ടുണ്ടായിരിയ്ക്കാം. എന്നാൽ അതു് താമസിപ്പിയ്ക്കാതെ കൊടുത്തുകൂടേ? ഇതു് ഗവൺമെൻറിനെ ആക്ഷേപിയ്ക്കുവാൻ വേണ്ടിയല്ല പറയുന്നതു്. ഇതിൻറെ മുമതല മുഴുവൻ റവന്യൂ ഡിപ്പാർട്ട്മെൻറിലുള്ള കീഴ്ദ്യോഗസ്ഥന്മാർക്കുതന്നെ വിട്ടുകൊടുത്താൽ അധഃകൃതർക്കു് ഇതു് എളുപ്പത്തിൽ കിട്ടുമെന്നു തോന്നുകയില്ല. അതുകൊണ്ടു് പ്രേഷ്ഠാരവർകൾതന്നെ ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിയ്ക്കണം. അവരുടെ ആക്ഷേപങ്ങൾ വല്ലതും വരുമ്പോൾ അതിനെ കുറിച്ചു് ജാഗ്രതയായി നടപടി നടത്തണം. അതിനുവേണ്ടിയാണു് ഈ കട്ടുമോഷൻ കൊണ്ടുവന്നിട്ടുള്ളതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഞാൻ ഈ കട്ടുമോഷനെ ബലമായി പിന്താങ്ങുന്നു. അധഃകൃതർക്കു് പുറമ്പോക്കു സ്ഥലങ്ങൾ പതിച്ചു കൊടുക്കുവാൻ ഗവൺമെൻറിൽ നിന്നും ഓർഡർ ആയിട്ടുണ്ടെന്നുള്ളതു് എനിയ്ക്കു് അറിയുവാൻ സാധിച്ചിട്ടുണ്ടു്. എന്നാൽ അതനുസരിച്ചു് ഇതുവരേയും അവർക്കു് അതു പതിച്ചു കൊടുത്തു കാണുന്നില്ല. മുമ്പേ ഇരുന്നിരുന്ന സംരക്ഷകൻതന്നെ കുറച്ചു സ്ഥലം പതിച്ചു കൊടുക്കുവാൻ വേണ്ടി അളന്നു തിരിച്ചിടുകയുണ്ടായി. അതിൻറെ ശേഷം ആ സംഗതിയെപ്പറ്റി ചോദിയ്ക്കുമ്പോഴെല്ലാം ഇതാ വരുന്നു, ഇതാ വരുന്നു എന്നു പറയുകയല്ലാതെ ഇതുവരെ പതിച്ചു കൊടുത്തിട്ടില്ല. ഇപ്പോൾ ചോദിയ്ക്കുകയാണെങ്കിൽ ആ സ്ഥലം കാളനി വകയ്ക്കു് എടുത്തുവെന്നു് മറുപടി പറയുമായിരിയ്ക്കാം. എന്നാൽ വല്ലതുമൊക്കെ കൊടുത്തിട്ടുണ്ടായിരിയ്ക്കുമെങ്കിലും ഈ വക ഏർപ്പാടുകളൊന്നും നിവൃത്തിയുള്ള ഇടത്തോളം വച്ചു താമസിപ്പിയ്ക്കാതെ അവർക്കു് അതിൽ വേല ചെയ്തു വല്ലതും ആദായം കിട്ടത്തക്കവണ്ണം പതിച്ചു കൊടുക്കേണ്ടതാണു്. ഇതു് സാധുക്കളുടെ രക്ഷയ്ക്കാവശ്യമായ ഒരു സംഗതി ആയതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഈ വിഷയത്തിൽ ഗവൺമെൻറിന്റെ ശ്രദ്ധ നല്ലപോലെ പതിഞ്ഞ് കാലതാമസം വിനാ ഇതു് പതിച്ചുകൊടുക്കേണ്ടതാണെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഇതിനെ പിന്താങ്ങുന്നു.

റാവുസാഹിബ് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഇതിൽ പറഞ്ഞിട്ടുള്ള സംഗതികളോടുകൂടി ഞങ്ങളും ഹൃദയപൂർവ്വമായി യോജിയ്ക്കുന്നു. ഈ ഡിപ്രസ്ഡ് ക്ലാസുകാർക്ക് ലാണ്ട് റവന്യൂ മാനുവൽ റൂൾസ് അനുസരിച്ച് വളരെ വില്ലേജുകളിൽ രാജ്യത്തിലെ വടക്കെ അറ്റം മുതൽ തുടങ്ങി അനവധി ദിക്കുകളിൽ വളരെ സ്ഥലങ്ങൾ പതിച്ചു് കൊടുത്തിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് അധ്യക്ഷത മെമ്പർ തന്നെ ഒരു ചോദ്യം ചോദിച്ചതിനു് ഞാൻ സമാധാനം പറഞ്ഞിട്ടുണ്ടു്. നാളെയോ മറ്റോ ഉള്ള ചോദ്യോത്തര കടലാസുകളിൽ കാണാം. കഴിയുന്നതും വേഗത്തിൽ കടലോരങ്ങളിൽ സ്ഥലം പതിച്ചു കൊടുക്കേണ്ട കാര്യത്തിൽ താമസിയാതെ നടപടി നടത്താനുള്ള ആവശ്യം ബഹുമാനപ്പെട്ട ഈഴവമെമ്പർ പറഞ്ഞതുപോലെ എന്റെ സ്വന്തം ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്. പതിച്ചുകൊടുക്കാൻ വേണ്ട ഏർപ്പാടുകൾ ഞാൻതന്നെ ചെയ്തിട്ടുണ്ടു്. കഴിഞ്ഞ മകരമാസത്തിൽ ഈ കാര്യത്തിനായി ഞാൻ എളങ്കുന്നപ്പുഴയിലേയ്ക്കു സക്കീട്ടുപോയി അവിടുള്ള അനേഷണങ്ങൾ ചെയ്തിട്ടുണ്ടു്. എന്നാൽ സംഗതിവശാൽ ഈ കാര്യത്തിൽ കുറെ താമസം വന്നിട്ടുണ്ടു്. ഫ ഫ ൦ ൭-മാണ്ടു മകരമാസം ഞാൻ തന്നെ അവിടെ പോയി താമസിച്ചു് ഇന്നയിന്ന ആളുകൾക്ക് ഇത്രയിത്ര ഏക്കർ വേണം എന്നു് ഒരു ലിസ്റ്റു തയ്യാറാക്കി, അതിന്റെ ശരിയായ വിവരം അന്നുതന്നെ അധ്യക്ഷത സംരക്ഷകനു് എഴുതി ആ കണക്കുകളൊക്കെ അയച്ചിട്ടുണ്ടു്. എന്റെ ഓർമ്മ അവിടെ ൪൦൦ കുടുംബങ്ങളോളം ഉണ്ടെന്നാണു്. അവർക്കു് ഫ൦ സെൻറു സ്ഥലം പതിച്ചുകൊടുക്കണം. ഇന്നയിന്ന നമ്പരുകൾ ആണു് എന്നെല്ലാം ഉള്ള സകലതും ഏർപ്പാടുചെയ്തിട്ടുണ്ടു്. ആ കാര്യം ഇപ്പോൾ അധ്യക്ഷത സംരക്ഷകന്റെ കയ്യിലാണിരിയ്ക്കുന്നതു്. അതുകൊണ്ടാണു് ബഹുമാനപ്പെട്ട മെമ്പരുടെ ചോദ്യത്തിനു് മറുപടി പറഞ്ഞിട്ടില്ലാത്തതു. ഇതെല്ലാം എന്റെ സ്വന്തം ദൃഷ്ടിവച്ചാണു നടത്തുന്നതു് ഇനിയും ഒന്നുകൂടി ഫ൦ വ ചിങ്ങം പിറന്നാൽ എളങ്കുന്നപ്പുഴയിൽ പോയി അനേഷിച്ചു് വേണ്ടതു ചെയ്യാം. പക്ഷെ ഇക്കാര്യത്തിൽ സംരക്ഷകനും കൂടി ജാഗ്രത വെച്ചാൽ എല്ലാം എളുപ്പത്തിൽ കഴിയ്ക്കാം.

The Motion was withdrawn with leave of the House.

Motion No. 5.

Mr. K. P. Vallon.—*To reduce the allotment of Rs. 31,400 for Pulaya feeding and supply of school materials, etc., by Re. 1.*

LIBRARY ARCHIVES Kerala Legislative Assembly

സർ, അധ്യക്ഷത വിദ്യാർത്ഥികൾക്കു നൽകുന്ന പുസ്തകം സ്ലേറ്റ് മുതലായതു് കൊടുത്തുവരുന്നതിലുള്ള ചില ന്യൂനതകളെപ്പറ്റി പറയുവാനാണു് ഞാൻ ഈ കട്ടു്മോഷൻ കൊണ്ടുവന്നിട്ടുള്ളതു് അധ്യക്ഷത വിദ്യാർത്ഥികൾക്കു് ഗവൺമെണ്ടിൽ നിന്നാണു് പുസ്തകം, സ്ലേറ്റ് മുതലായവ കൊടുക്കുന്നതു്. എന്നാൽ ഇപ്പോൾ സ്കൂൾ തുറന്നിട്ടു് മൂന്നുമാസം ആകുവാൻപോകുന്നു. ഇതുവരെ അവർക്കു് യാതൊന്നും കൊടുത്തു കാണുന്നില്ല. ഇങ്ങിനെ ഗവൺമെണ്ടിൽനിന്നും ഉദാസീനത കാണിച്ചു തുടങ്ങിയാൽ എങ്ങിനെയാണു് ആ കുട്ടികൾക്കു് ക്ലാസു കയറ്റം കിട്ടുന്നതു്? ഇന്നുതന്നെ കുട്ടികൾ എന്നോടു പറയുകയുണ്ടായി. സ്കൂൾ തുറന്നു മൂന്നു മാസത്തോളമായി, ഞങ്ങൾക്കു് പുസ്തകങ്ങളൊന്നും കിട്ടിയില്ല, സ്ലേറ്റു കിട്ടിയില്ല, പരീക്ഷയും അടുക്കാറായി എന്നെല്ലാം. അതു് ഡിപ്പാർട്ട്മെണ്ടിന്റെ കുറ്റമോ, എന്തുകൊണ്ടാണെന്നുള്ളതു് അറിഞ്ഞുകൂടാ. മുമ്പു് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെണ്ടിൽനിന്നും കൊടുത്തു കൊണ്ടിരുന്നപ്പോൾ ഈ പരാതികൾക്കൊന്നിനും ഇടയായിട്ടില്ലായിരുന്നു. അതിനുശേഷം സംരക്ഷകന്റെ കീഴിലായതുമുതൽ—സംരക്ഷകനെപ്പറ്റി എന്തെങ്കിലും പറയുമ്പോൾ അദ്ദേഹത്തോടുള്ള മനഃപൂർവ്വം വിരോധമാണെന്നു് വിചാരിയ്ക്കുവാനിടയുണ്ടു്. വാസ്തവത്തിൽ മനഃപൂർവ്വം വിചാരിച്ചു പറയുന്നതല്ല. പരമാർത്ഥത്തിൽ ഞാൻ പറയുന്നതു് ശരിയാണു്.—ഇങ്ങിനെയായാൽ കുട്ടികൾ എങ്ങിനെ പരീക്ഷയിൽ ജയിയ്ക്കും? ഒരിയ്ക്കലും ജയിക്കയില്ല. മൂന്നുമാസമായി സ്കൂൾ തുറന്നിട്ടു; ഇതുവരെ പുസ്തകം കൊടുക്കാതിരുന്നാൽ എങ്ങിനെ പഠിയ്ക്കും? അതുകൊണ്ടു് ഗവൺമെണ്ടിൽനിന്നും ദയവുവിചാരിച്ചു് അവർക്കുള്ള പുസ്തകം, സ്ലേറ്റ മുതലായതു് കാലതാമസം വരുത്താതെകൊടുത്തു് മറ്റുള്ള ആനുകൂല്യങ്ങളും ചെയ്തു് അവരെ വാസ്തവത്തിൽ രക്ഷിയ്ക്കുവാനാണെങ്കിൽ രക്ഷിയ്ക്കണം എന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ കട്ടു്മോഷനെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇതിനു് മുമ്പുതലപ്പെട്ടവർ ആരാണെന്നറിഞ്ഞാൽകൊള്ളാം.

രാമവർമ്മ തമ്പുരാൻ.—പ്രൊട്ടക്ടർ.

മിസ്റ്റർ കെ. അയ്യപ്പൻ.—മുമ്പും അങ്ങിനെയായിരുന്നുവോ?

രാമവർമ്മ തമ്പുരാൻ.—ഡയറക്ടരും, പ്രൊട്ടക്ടരും രണ്ടും ഒരാളായിരുന്നകാലത്തു് ഡയറക്ടരായിരുന്ന കൊടുത്തുവന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ.—ഇപ്പോഴത്തെ പുതിയ പ്രൊട്ടക്ടരെ നിയമിച്ചതിനുശേഷം ഈ അധികാരവുംകൂടി അദ്ദേഹത്തെ ഏല്പിച്ചുവോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അതു വളരെ മാസങ്ങൾക്കു മുമ്പാണു്. എന്റെ കീഴിൽനിന്നും ഡിപ്പാർട്ട്മെണ്ടു് രണ്ടാക്കിയതു്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പറഞ്ഞ രീതിയിൽ ശരിതന്നെയാണ്. അതിനുമുമ്പേതന്നെ അദ്ദേഹത്തെ ഏല്പിച്ചുകൊടുത്തിട്ടുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ.—താമസിച്ചുപോകുന്നുവെന്നുള്ള ആക്ഷേപത്തോടു് ഞാൻ യോജിയ്ക്കുന്നു. എന്റെ അറിവിൽപെട്ടിടത്തോളം അതുസംബന്ധിച്ചുള്ള കടലാസുകെട്ടുകളെല്ലാം അധികൃതസംരക്ഷകനെ ഏല്പിച്ചിട്ടു് അധികം ദിവസങ്ങൾ ആയിട്ടില്ലെന്നാണു തോന്നുന്നതു്. അതുവരെ അവയെല്ലാം ഇൻസ്പെക്ടരാഫീസിലാണു കിടന്നിരുന്നതു്. അതിനെ സംബന്ധിച്ചു് പ്രൊട്ടക്ടർ സ്കൂൾ ഇൻസ്പെക്ടരുമായി എഴുത്തുകുത്തുകൾ നടത്തീട്ടും അദ്ദേഹം കൊടുത്തില്ല. ഇതെല്ലാം പ്രൊട്ടക്ടരുടെ കീഴിലാക്കിയതിൽപിന്നെയാണു് ഇതു സംബന്ധിച്ച കടലാസുകെട്ടുകൾ അദ്ദേഹത്തെ ഏല്പിച്ചിട്ടുള്ളതു്. അദ്ദേഹത്തിനു് ക്ലാർക്കുമാർ പോരാഞ്ഞതുകൊണ്ടു് എല്ലാ കടലാസുകളും വേഗം നോക്കി ഉത്തരവാടാൻ പ്രയാസം നേരിടുന്നുണ്ടെന്നു കേൾക്കുന്നു. ഏതായാലും ഇതു് താമസിപ്പിക്കുന്നതു ശരിയല്ല. ഇനിയെങ്കിലും വേഗം കൊടുത്താൽ കൊള്ളാമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഇതിനെ പിന്താങ്ങുന്നു.

മിസ്റ്റർ സി. എ. ഔസേപ്പു്.—മുമ്പു് ഈ പുസ്തകങ്ങളെല്ലാം എങ്ങിനെയാണു് ഡിസ്റ്റ്റിബ്യൂട്ടു് ചെയ്തുവന്നിരുന്നതു്?

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇൻസ്പെക്ടർ മുഖാന്തിരം ഓരോ സ്കൂളുകളിലേയ്ക്കും അയച്ചുകൊടുത്തു വന്നിരുന്നു.

മിസ്റ്റർ എം. കെ. രാമൻ.—ഇപ്പോൾ എന്തുകൊണ്ടാണു് പ്രൊട്ടക്ടർ അയച്ചുകൊടുക്കണമെന്നു വച്ചിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ.—പ്രൊട്ടക്ടർ ഹെഡ്മാസ്റ്റർക്കു് അയച്ചുകൊടുത്തു് ഹെഡ മാസ്റ്റർമാർ മുഖാന്തിരം ഡിസ്റ്റ്റിബ്യൂട്ടു് ചെയ്യുന്നു.

മിസ്റ്റർ സി. എ. ഔസേപ്പു്.—പ്രൊട്ടക്ടർ അയച്ചുകൊടുത്തിട്ടു് ശരിയായി കിട്ടുന്നതിനു താമസം നേരിടുന്നുവെന്നു് പറയുന്നതു പരമാർത്ഥമാണോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—എനിയ്ക്കറിവില്ല.

രാമവർമ്മതമ്പുരാൻ.—കുറച്ചു താമസം ഉണ്ടാകുന്നുണ്ടെന്നുള്ളതു പരമാർത്ഥംതന്നെയാണു്,

മിസ്റ്റർ സി. എ. ഔസേപ്പു്.— എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെണ്ടുതന്നെ ഈ ജോലികളുംകൂടി നടത്തിവന്നിരുന്ന കാലത്തു് അവിടെയുണ്ടായിരുന്ന സിൽബന്ധികൾ ആണു് ഈവക ജോലികളെല്ലാം നടത്തിയിരുന്നതു. പ്രൊട്ടക്ടരുടെ കീഴിലായതിൽ പിന്നീടാണു് ഇങ്ങിനെയുള്ള താമസത്തിനിടവന്നിട്ടുള്ളതു. താമസത്തിനു് കാരണവുമുണ്ടു്. ഇപ്പോൾ പ്രൊട്ടക്ടരുടെ കീഴിൽ രണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നോ അളകം മാത്രമേയുള്ള. ഏതായാലും രാജ്യം മുഴവനും പ്രൊട്ടക്ഷ് ചുറ്റിതിരിഞ്ഞ് അനേഷിക്കുവാനും പുസ്തകങ്ങളുംമറ്റും വിതരണം ചെയ്യാനുമുള്ള സൌകര്യം ചെയ്തുകൊടുത്തിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്. ഒന്നാമത് പുസ്തകങ്ങളുംമറ്റും ഗവമ്മെണ്ടു ഗസറ്റിൽ പരസ്യം ചെയ്ത് ഓരോ ക്ലാസിലേയ്ക്കും ഇന്നയിന്ന പുസ്തകങ്ങൾ വേണം എന്നു നിശ്ചയിച്ച് പട്ടികകൾ എഴുതി തയ്യാറാക്കി വരുമ്പോൾ—അത് സ്കൂളുകളിൽ കിട്ടുമ്പോൾ—തന്നെ സ്കൂൾ തുറന്നു ഒന്നരണ്ടു മാസത്തിനു മേലാകും. പിന്നെ പ്രൊട്ടക്ടറെ ഏല്പിക്കുവാനുള്ള താമസം. അതിനുശേഷം പ്രൊട്ടക്ടർ മറ്റുള്ളവരെ ഏല്പിച്ചുകൊടുക്കുവാനുള്ള താമസം. ഇതെല്ലാംകൂടിയാകുമ്പോൾ വളരെ വലിയ താമസമായി. അധികൃതർക്ക് ഇങ്ങനെ ഒരു ഡിഫിക്കൾട്ടിമെണ്ടു വച്ച കാരണം കൊണ്ടാണ് ഇതിലും താമസിച്ച് കിട്ടുന്നതെന്നാണ് എനിക്കു തോന്നുന്നത്. അങ്ങനെയല്ലെങ്കിൽ ഈ ഡിഫിക്കൾട്ടിമെണ്ടു വേണ്ടെന്നു വയ്ക്കുക. അല്ല, നടത്തുകയാണെങ്കിൽ ഇതുപോലെ പേരിനു മാത്രമല്ലാതെ ആവശ്യത്തിനായിട്ടുതന്നെ നടത്തുക. കടലാസിൽ നോക്കിയാൽ പുസ്തകം, സ്ലേറ്റ് മുതലായവയ്ക്കുള്ള ഏർപ്പാടുകൾ ചെയ്തിട്ടുള്ളതായി കാണാം. ഇങ്ങനെ കടലാസിൽ എഴുതി പ്രസിദ്ധപ്പെടുത്തുകയും അവ കിട്ടുന്നില്ലെന്നു പരാതിക്കിടവരുകയും ചെയ്യുന്നതായാൽ ഇങ്ങനെ എഴുതി വയ്ക്കുന്നതുകൊണ്ടു് എന്താണ് ഫലം? എന്തെങ്കിലും ഒരു ജോലി ചെയ്യാനുദ്ദേശിച്ചാൽ അതു് ഫലപ്രദമത്തക്കവണ്ണം ചെയ്തുകൊടുക്കണം. ഞാൻ ഈ അഭിപ്രായത്തോടുകൂടി ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

രാമവമ്മ തമ്പുരാൻ:—കുറച്ചു താമസം വന്നിട്ടുള്ളതു് വാസ്തവമാണു്. പ്രൊട്ടക്ടർ കഴിയുന്നതും വേഗത്തിൽ കൊടുത്തുതീർക്കാൻ ശ്രമിക്കുന്നുണ്ടു്. എങ്കിലും ഒന്നുകൂടി ജാഗ്രതയായി കൊടുക്കാൻ വേണ്ട ഏർപ്പാടു ചെയ്യാം.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ വിഷയത്തെപ്പറ്റി ചില പേപ്പറുകളിലൊക്കെ ഗവമ്മെണ്ടിന്റെ ശ്രദ്ധക്കു് എന്നുള്ള തലക്കെട്ടിൽ അനവധി ലേഖനങ്ങൾ ഞാൻ തന്നെ അയിച്ചിട്ടുണ്ടു്. അതേ സംബന്ധിച്ചു യാതൊരനേഷണവും ചെയ്യുന്നില്ലെന്നാണു് ഇപ്പോൾ ഗവമ്മെണ്ടു പറഞ്ഞ സമാധാനത്തിൽനിന്നും മനസ്സിലാകുന്നതു്. ഇങ്ങനെ പല പേപ്പറുകളിലും പല ലേഖനങ്ങളും ഗവമ്മെണ്ടിന്റെ ശ്രദ്ധക്കു് എഴുതുമ്പോൾ അതു ഗവമ്മെണ്ടു് സൂക്ഷിക്കാതിരുന്നിട്ടോ, അതോ സൂക്ഷിച്ചു് നോക്കീട്ടും ഒന്നും പ്രവൃത്തിക്കാൻ മനസ്സില്ലാതെ കാണാത്ത ഭാവത്തിലിരുന്നിട്ടോ എന്തോ ഗവമ്മെണ്ടു് അറിയുന്നില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്.

അടുത്തുതന്നെ ആഴീക്കൽ സ്കൂളിലെ കുട്ടികൾക്കു് പുസ്തകം കിട്ടിയില്ല എന്നു അറിയിച്ചിരുന്നുവല്ലോ. അതിനെ സംബന്ധിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

യാതൊരനേഷണവും ഇല്ലാതിരിക്കുന്നതു് അധഃകൃതരോടു് അവരുടെ സംരക്ഷണ ഡിപ്പാർട്ട്മെൻറിനുതന്നെയുള്ള വെറുപ്പാണോ എന്നു വലിയ സംശയമുണ്ടു്. ആ ഡിപ്പാർട്ട്മെണ്ടുകൊണ്ടു് ഞങ്ങൾക്കു് വല്ലതും ഗുണം കിട്ടുമെന്നുണ്ടെങ്കിൽ ഞങ്ങൾക്കാവശ്യമുള്ള സഹായം ചെയ്തു തരണം. അല്ലെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇങ്ങനെ ഒരു ഡിപ്പാർട്ട്മെണ്ടു് വച്ചിരിക്കുന്നതിൽ ഞങ്ങൾക്കു" യാതൊരു പ്രയോജനവുമില്ല. അതിനാൽ ആ ഡിപ്പാർട്ട്മെണ്ടിൽനിന്നും ഞങ്ങൾക്കു് കഴിയുന്ന സഹായങ്ങൾ എല്ലാം ചെയ്തു തരത്തക്കവിധത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നാണു് ഞാൻ അപേക്ഷിച്ചിട്ടുള്ളതു്. അതിനാൽ പ്രത്യേകിച്ചും ഇങ്ങനെയുണ്ടാകുന്ന താമസത്തെക്കുറിച്ചു് ഗവർമ്മെണ്ടു് എന്തെങ്കിലും അന്വേഷണങ്ങൾ നടത്തീട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ഡെപ്യൂട്ടി പ്രസിഡെണ്ടു്.—ഇനി ചോദ്യങ്ങൾ ചോദിക്കുവാൻ സമയമില്ല. മറുപടി പറഞ്ഞു കഴിഞ്ഞു.

മിസ്റ്റർ കെ. പി. വള്ളോൻ.—ഗവർമ്മെണ്ടു് അന്വേഷിച്ചു് ചെയ്യാമെന്നു പറഞ്ഞതു് എനിക്കു് സന്തോഷമായി. അതുകൊണ്ടു് ഞാൻ ഇതിനെ പിൻവലിച്ചുകൊള്ളുന്നു.

Motion withdrawn with leave of the House.

Motion No. 6.

As the following motion was not moved it was considered withdrawn.

Mr. K. Ayyappan.—*To reduce the allotment of Rs. 71,564 for Education by Re. 1.*

(*To draw the attention of the Government to the delayin giving books, etc., to the Depressed Classes pupils.*)

Motion No. 7.

Mr. K. P. Vallon.—*To reduce the allotment of Rs. 71,564 for B—Educational by Re. 1.*

അധഃകൃത വിദ്യാർത്ഥികളുടെ സ്തുതത്തെ സംബന്ധിച്ചു് ചില സംഗതികൾ പറയുവാനാണു് ഈ നിശ്ചയം കൊണ്ടുവന്നിട്ടുള്ളതു്. ഈ സ്തുതം അധഃകൃത വിദ്യാർത്ഥികളുടെ അതാവശ്യങ്ങൾക്കു് സൌകര്യപ്പെടത്തക്കവണ്ണം വയ്ക്കണമെന്നു് അധഃകൃത സംരക്ഷകനോടു് ഞാൻതന്നെ നേരിട്ടു സംസാരിച്ചിട്ടുമുണ്ടു്. കണയന്നൂർ താലൂക്കിലാണു" അതു വക്കുവാൻപോകുന്നതെന്നു" അദ്ദേഹം എന്നോടു് നേരിട്ടു പറഞ്ഞിട്ടുമുണ്ടു്. എന്നാൽ ഞാൻ ഇടയിടെ കേൾക്കുകയുണ്ടായി, അതു് തൃശിവപേരൂരിലാണു് തുടങ്ങുവാൻ പോകുന്നതു് എന്നു്. എന്നാൽ ഇതു് ഞങ്ങൾക്കാവശ്യമുള്ള സ്ഥലത്തു തരാതെ വല്ല കുഗ്രാമങ്ങളിലും—തൃശിവപേരൂർ കുഗ്രാമമാണെന്നു ഞാൻ പറയുന്നില്ല—കൊണ്ടുപോയി തുടങ്ങിയാൽ ഞങ്ങൾക്കു" യാതൊരു പ്രയോജനവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ അധഃകൃതരുടെ സ്ഥിതി നോക്കിയാൽ ഹൈസ്കൂൾ, കോളേജ് മുതലായവ ഇവിടെയുള്ളതുകൊണ്ടു്, എറണാകുളത്തു് വിദ്യാർത്ഥികൾ ധാരാളമുള്ളതു് ഈ കണക്കനുസരിച്ചാണു് എന്നു് അനേഷിച്ചാൽ മനസ്സിലാകും. അതുകൊണ്ടു് ഇപ്പോൾ സ്ഥാപിക്കുന്ന ഹോസ്റ്റൽ തൃശ്ശിവപേരൂർ ആക്കാതെ എറണാകുളത്തു സ്ഥാപിച്ചു് തരണമെന്നുള്ള അപേക്ഷയോടും, അതിലേക്കു് ഗവർമ്മെണ്ടു് വേണ്ടതു പ്രവൃത്തിക്കുമെന്നുള്ള വിശ്വാസത്തോടും കൂടി ഞാൻ ഈ കട്ടു്മോഷൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

രാമവർമ്മ തമ്പുരാൻ.—തൃശ്ശിവപേരൂരാണു് നല്ലതെന്നു് പ്രൊട്ടക്ടർ റിപ്പോർട്ടയച്ചിട്ടുണ്ടു്. അതനുസരിച്ചാണു് തൃശ്ശിവപേരൂരിൽ വെയ്ക്കുവാൻ നിശ്ചയിച്ചതു്. എന്നാൽ മെമ്പർ പറയുന്നതു് എറണാകുളത്തു വയ്ക്കുന്നതാണു നല്ലതെന്നു്. ഈ വിവരം ഒന്നുകൂടി എഴുതിഅയച്ചു് അനേഷിയ്ക്കാം. ഇതാണു് നല്ലതെന്നു കണ്ടാൽ ഇവിടെതന്നെ ആക്കുകയും ചെയ്യാം.

മിസ്റ്റർ എം. എ. ചാക്കോ.—On a point of information. കൂടികൾ എവിടെയായിരിയ്ക്കും അധികം ഉണ്ടായിരിയ്ക്കുക?

രാമവർമ്മതമ്പുരാൻ.—അനേഷിച്ചു വേണം മറുപടി പറയുവാൻ.

മിസ്റ്റർ ഐ. എൻ. മേനോൻ.—അധഃകൃത വിദ്യാർത്ഥികൾക്കു് കാസ്മപോളിറ്റൻ ഹോസ്റ്റലിൽ താമസിക്കുവാൻ സൌകര്യമുണ്ടു്. അവർ അവിടെ ചേരുന്നില്ല. എന്നാൽ അവക്കു ചേരുവാൻ യാതൊരു വിരോധവുമില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ.—തീയ്യ ഹോസ്റ്റൽ എല്ലാവക്കും ചേരുവാൻ സൌകര്യമില്ലാത്തവിധത്തിലാണോ ഇരിയ്ക്കുന്നതു?

മിസ്റ്റർ ഐ. എൻ. മേനോൻ.—തീയ്യ ഹോസ്റ്റലിലും അവക്കു ചേരുവാൻ വിരോധമില്ലെങ്കിലും അവർ ചേരുന്നില്ലെന്നാണറിയുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—അവക്കു് അതുകൊണ്ടുമാത്രം സൌകര്യം കിട്ടുന്നില്ലായിരിയ്ക്കാം. എന്നാൽ മറു പ്രവേശനമുള്ള ആളുകൾക്കു് ബോർഡിംഗ് ഫീസു് കൊടുക്കുകയാണെങ്കിൽ ഈ പ്രത്യേക ഹോസ്റ്റലിന്റെ ആവശ്യമുണ്ടോ എന്നു് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞാൽകൊള്ളാം.

ഡെപ്യൂട്ടി പ്രസിഡെണ്ടു്.—അതു് ഈ പായിൻറിൽ വരുന്നില്ല. ഇവിടെ തൃശ്ശിവപേരൂരിൽ വയ്ക്കുന്നതിനെ എറണാകുളത്താക്കണമെന്നുള്ള സംസാരമേയുള്ളു. മറു സംസാരങ്ങളും ചോദ്യോത്തരങ്ങളും നടത്താൻ പാടില്ല. ഇനി മിസ്റ്റർ വള്ളോനു് വല്ലതും ഇതിൽ മറുപടി പറയാനുണ്ടോ?

മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകൻ അതു് എവിടെ വേണമെന്നു പറയുന്നുവോ അതാണു ഞങ്ങൾക്കു സൌകര്യം

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് ഗവണ്മെൻറ മറുപടി പറഞ്ഞതു്. ഒരു സമുദായം രക്ഷയിൽ വരണമെങ്കിൽ ആ സമുദായത്തിൽ കൂടുതൽ വിദ്യാഭ്യാസമുള്ളവർ ഉണ്ടായിരിയ്ക്കണം. അതു നോക്കുകയാണെങ്കിൽ ഇന്നു ഹൈസ്കൂളിലും കാളേജിലും ധാരാളമായി കുട്ടികൾ വായിയ്ക്കുന്നതു് ഈ കണയന്നൂർ താലൂക്കിലാണു്. അധഃകൃതവർഗ്ഗക്കാർക്കു രക്ഷയുണ്ടാക്കുവാൻവേണ്ടിയാണു് ഈ ഹോസ്റ്റൽ സ്ഥാപിയ്ക്കുന്നതെങ്കിൽ അതു് ഈ എറണാകുളത്തു വച്ചുകിട്ടണമെന്നാണു് ഞാൻ പറയുന്നതു്. സംരക്ഷകൻറെ പ്രവൃത്തിയെപ്പറ്റി പറയുവാനാണെങ്കിൽ വളരെ സങ്കടംതോന്നുന്നുണ്ടു്. ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചു് സമുദായം എങ്ങിനെയെങ്കിലും കിടന്നുകൊള്ളട്ടെ എന്നുള്ള ഉദ്ദേശത്തോടുകൂടിയ ചീത്തപ്രവൃത്തികളും അദ്ദേഹത്തിൽ കാണുന്നുണ്ടു്. അതുകൊണ്ടു് പ്രത്യേകിച്ചു് ഗവണ്മെൻറിൻറെ മുൻപാകെ ഞാൻ ആവശ്യപ്പെടുന്നതു് എറണാകുളത്തു് ഈ ഹോസ്റ്റൽ സ്ഥാപിയ്ക്കണമെന്നാണു്. ഇതിനെ ഗവണ്മെൻറു സ്വീകരിച്ചു് വേണ്ടതു ചെയ്യുമെന്നാണു് എൻറെ വിശ്വാസം. അതിനാൽ അങ്ങിനെ ചെയ്യണമെന്നു ഒന്നുകൂടി അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ കട്ടു്മോഷനെ പിൻവലിച്ചുകൊള്ളുന്നു.

Motion withdrawn with leave of the House.

Motion No. 8.

Mr. K. P. Vallon.—*To omit the allotment of Rs. 96;243 for the Uplift of the Depressed Classes.*

അധഃകൃത സംരക്ഷണ ഡിപ്പാർട്ടുമെൻറിലെ ചില ന്യൂനതകളെപ്പറ്റി പറയുവാനാണു് ഈ കട്ടു്മോഷൻ കൊണ്ടുവന്നിട്ടുള്ളതു്. ഈ ഡിപ്പാർട്ടുമെൻറിലുള്ള ചില അവശതകളേയും, താമസങ്ങളേയും സംബന്ധിച്ചു് കുറഞ്ഞൊന്നു് ഗവണ്മെൻറു് ധരിയ്ക്കുവാനുണ്ടു്. ഈ സംരക്ഷണ ഡിപ്പാർട്ടുമെൻറുതന്നെ അധഃകൃതരെ നന്നാക്കുണമെന്നും, അവരെ രക്ഷിയ്ക്കണമെന്നും ഉള്ള ഒറ്റ ഉദ്ദേശത്തോടുകൂടി വച്ചിട്ടുള്ളതാണു്. എന്നാൽ ഇപ്പോൾ കാണുന്നതു് അധഃകൃതർക്കു് യാതൊരു വിധത്തിലുള്ള രക്ഷയും അതുകൊണ്ടു കിട്ടുന്നില്ലെന്നാണു വന്നുകൂടീട്ടുള്ളതു്. അതിൽനിന്നുള്ള അനുഭവമെല്ലാം, മറുള്ളവർക്കാണു കിട്ടിവരുന്നതു്. ഇപ്പോഴത്തെ പുതിയ സംരക്ഷകൻ വന്നപ്പോൾ അദ്ദേഹത്തെ ഞാനും എൻറെ ചില സ്നേഹിതന്മാരുംകൂടി ചെന്നു കാണുകയും, ഞങ്ങളുടെ അഭിപ്രായങ്ങളെ ധരിപ്പിക്കുകയും ചെയ്തു. അതിലൊന്നിലും അദ്ദേഹം വഴിപ്പെടാതെ അദ്ദേഹത്തിൻറെ ഇഷ്ടംപോലെയാണു് ഇപ്പോൾ പ്രവൃത്തിച്ചു വരുന്നതു്. ഈ കണയന്നൂർ താലൂക്കിൽതന്നെ പല സ്ഥലങ്ങളിലും ഉള്ള അധഃകൃതർ അധികവും ചെറിയ ചെറിയ കൺട്രാക്ടറുകൾ എടുത്തു ജോലിചെയ്തുവരുന്നവരാണു്. മുമ്പു് കൌൺസിൽ മെമ്പറായിരുന്ന (എക്സ്—എം. എൽ. സി.) മിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

ചാഞ്ചനും വേറെ പലരും പല വിധത്തിലുള്ള കൺടാക്റുകളും കിട്ടണമെന്ന രേഖാമൂലമായും നേരിട്ടും ആവശ്യപ്പെട്ടിരുന്നു. ഞങ്ങൾക്ക് കൺടാക്റു തരുമെങ്കിൽ അതിലേയ്ക്ക് ഡിപ്പോസിറു കെട്ടാം. അല്ലെങ്കിൽ ജാമ്യം തരാം എന്നൊക്കെ അദ്ദേഹത്തോട് അപേക്ഷിച്ചിട്ടുമുണ്ട്. എന്നാൽ ഇതൊന്നും ഞങ്ങൾക്കു തരാതെ അദ്ദേഹത്തിന്റെ മില സ്നേഹിതന്മാർക്കും സ്വജാതീയർക്കും ആണ് കൊടുക്കുന്നത്. അതു ഞങ്ങൾക്കു വലിയ സങ്കടമാണു. എഞ്ചിനീയർ ഡിപ്പാർട്ട്മെൻറുകാരോടാവശ്യപ്പെടുമ്പോൾ അവർ ടെൻഡർ വയ്ക്കുവാൻ പറയുന്നു. അധികൃതസംരക്ഷണ ഡിപ്പാർട്ട്മെൻറിലാണെങ്കിൽ ടെൻഡർ വയ്ക്കേണ്ട സമ്പ്രദായമേയില്ല. സംരക്ഷകൻ ബോധിച്ച ആളുകൾക്കു കൊടുക്കുകയാണു ചെയ്യുന്നത്. എന്നാൽ ഒരു സംരക്ഷകനോടു് തന്റെ സംരക്ഷണത്തിൽപെട്ടിട്ടുള്ള ഒരാൾചെന്നു് ഇങ്ങനെയുള്ള വേലകൾ ഞങ്ങൾക്കും തരിക; ഞങ്ങൾ നടത്താം, എന്നൊക്കെ പോദിയ്ക്കുമ്പോൾ അതു് അവർക്കു് കൊടുക്കാതെ മറുള്ളവർക്കു കൊടുക്കുന്നതു് വളരെ സങ്കടകരമായിട്ടുള്ളതല്ലേ? എന്തെങ്കിലും ഒരു കായ്യം അധികൃതർ തുപ്തിയായി നടത്തുകയാണെങ്കിൽ അധികൃതസംരക്ഷകനല്ലേ ആദ്യമായിട്ടു സന്തോഷിയ്ക്കേണ്ടതു്?. ആ ഒരു സ്വാഭാവം ഞങ്ങളുടെ സംരക്ഷകനിൽ കാണുന്നില്ല. അതുകൊണ്ടു് ഗവമ്മെണ്ടുതന്നെ ഈവക അനീതികളിൽ ശ്രദ്ധ പതിയ്ക്കണം എന്നു ഞാൻ അപേക്ഷിയ്ക്കുന്നു.

പിന്നീടു് ഉദ്യോഗനിയമനങ്ങളെ സംബന്ധിച്ചു് ഇവിടെ ചില കട്ടുമോഷൻ അവതരിപ്പിയ്ക്കുകയുണ്ടായി. എന്നാൽ ഉദ്യോഗനിയമനങ്ങളിലും ഈ മാതിരിയുള്ള ചില സംഗതികളാണു് സംരക്ഷകൻ പ്രവൃത്തിച്ചിട്ടുള്ളതു്. ഈയിടെ അധികൃതരിൽ നിന്നുതന്നെ ഒരാൾ, അയാൾ സ്കൂൾഫൈനൽ ക്ലാസിൽ കോഴുസും കഴിഞ്ഞു് തന്നെ സഹകരണ പരിശീലനത്തിനു് അയക്കുവാൻ ഒരു അപേക്ഷ അയച്ചിരുന്നു. അല്ലെങ്കിൽ എന്തെങ്കിലും ഒരു ഉദ്യോഗം കിട്ടിയാൽ മതി, ഇനിയും പഠിച്ചു അടുത്ത പരീക്ഷയിൽ ചേന്നു ജയിച്ചുകൊള്ളാം എന്നായിരുന്നു അയാൾ കൊടുത്ത ഹർജിയിലെ പ്രധാന വിഷയം. അതിനു് ഇങ്ങനെ മറുപടി കിട്ടിയിരിയ്ക്കുന്നു. "സാധിക്കയില്ല" എന്നും ആ അവസരത്തിൽതന്നെ ചാലക്കുടി കാളനിയിൽ അവിടത്തെ മാനേജരുദ്യോഗം ഒഴിവുണ്ടായിരുന്നു. ആ ഒഴിവിനു് അദ്ദേഹം വേറെ ഒരു കുറുപ്പിനെ വച്ചു. അതിനുമുമ്പുതന്നെ ജോലികൾ ഒഴിവു വരുമ്പോൾ അധികൃതക്കു കൊടുക്കണം; മറുള്ളവർക്കു കൊടുക്കുവാൻ പാടില്ല എന്നു് ഞാൻതന്നെ അദ്ദേഹത്തോടും ഈ കൌൺസിലിലും പറഞ്ഞിട്ടുണ്ടു്. അധികൃതരുടെ കാളനിയിൽ മാനേജർ ജോലി നോ

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ വലിയ കോളിഫിക്കേഷനൊന്നും വേണ്ട. മുമ്പുതന്നെ അലവൻസ് കൊടുത്താണ് നടത്തിയിരുന്നത്. ആ തസ്തിക അധഃകൃതക്കു നടത്താവുന്നതാണ്. ഒരു അധഃകൃതൻ പട്ടിണികിടന്നു് ഒട്ടിയവയറും, കെട്ടിയ കയ്യുമായി തന്റെ മുമ്പിൽ വന്നുനില്ക്കുമ്പോൾ ഇങ്ങിനെയുള്ള ഉദ്യോഗങ്ങൾ അവർക്കു കൊടുക്കാതെ മറ്റുള്ളവർക്കു കൊടുക്കുന്നതു് എത്ര കഷ്ടതരമായിട്ടുള്ളതാണു്!! ഈ വിഷയങ്ങളിൽ സംരക്ഷകൻ കാണിച്ചുവരുന്ന ധിക്കാരങ്ങൾ ഒട്ടും ചില്ലറയല്ല. ഞങ്ങൾക്കു് ഇഴുവരേയും മറുകം നിയമിച്ചാലും അതിൽ അഭിപ്രായവ്യത്യാസമില്ല. അധഃകൃതരെ നിയമിക്കാത്തതുകൊണ്ടാണു് ഞങ്ങൾക്കു വിരോധമുള്ളതു്. ഇങ്ങനെയുള്ള അനവധി സംഗതികൾ എനിയ്ക്കു് ഇനിയും പറയുവാനുണ്ടു്. അതു് മറ്റൊരവസരത്തിൽ പറഞ്ഞുകൊള്ളാം.

ഇങ്ങനെയുള്ള അധഃകൃതസംരക്ഷകന്റെ രക്ഷയിൽനിന്നും ഞങ്ങളെ രക്ഷിയ്ക്കണേ എന്നു പലതവണയും മുറവിളി കൂട്ടീട്ടുണ്ടു്. ഇതെല്ലാം ഗവർമ്മെണ്ടു് വനരോദനം ആയി വിചാരിച്ചു് തള്ളിക്കളയുന്നേയുള്ളൂ. ഇതിന്റെ പരമാർത്ഥമറിഞ്ഞു വേണ്ടതു പ്രവൃത്തിച്ചില്ലെങ്കിൽ ഞങ്ങൾക്കു് ഇതിൽപരം ഉപദ്രവകരമായി വേറെ യാതൊന്നും ചെയ്യുവാനില്ല. മുമ്പു ചിലർ അധഃകൃതരുടെ സങ്കടങ്ങളറിഞ്ഞു വേല ചെയ്യുവാൻ ഓർഗനൈസർമാർ എന്നുള്ള നിലയിൽ ഇറങ്ങീട്ടുണ്ടായിരുന്നു. അവർ ഞങ്ങൾക്കു് പലവിധ സഹായങ്ങളും ചെയ്തുതന്നിരുന്നു. ഇപ്പോഴത്തെ സംരക്ഷകൻ വന്നതിനുശേഷം ആ സഹായങ്ങളും ഞങ്ങൾക്കു കിട്ടാതായി. അതിനുശേഷം പല ഉപദ്രവങ്ങളും ഞങ്ങൾക്കു നേരിട്ടുണ്ടു്. അതു് മറ്റൊന്നുമല്ല. അധഃകൃതരെ സഹായിച്ചുകൊണ്ടിരിയ്ക്കുന്നവർ ഏതാണ്ടു് ധനവാന്മാരും, നല്ല മനസ്ഥിതിയുള്ളവരും, ധൈര്യമുള്ളവരും ആയിരുന്നു. ഇപ്പോഴത്തെ സംരക്ഷകൻ അവരേയുംകൂടി തള്ളിക്കളഞ്ഞു് വേറെ ചിലരെ നിയമിച്ചു. തള്ളിക്കളഞ്ഞവർ ഞങ്ങൾക്കു നേരെ വിപരീതമായിട്ടു പലതും ചെയ്യുന്ന ഒരു കൂട്ടരായിട്ടാണു് പരിണമിച്ചിട്ടുള്ളതു്. ഞങ്ങൾ അധഃകൃതമിട്ടനു ഒരു പകർച്ചവ്യാധിയായി തീർന്നിരിയ്ക്കുന്നുവെന്നു പറഞ്ഞതും ഇദ്ദേഹത്തിന്റെ ചില പ്രവൃത്തികളുടെ ഫലമായി വന്നിട്ടുള്ളതാണു്. അധഃകൃതരെ ഉപദ്രവിച്ചാൽതന്നെയും മട്ടനം നടന്നു് ഒരാഴ്ച കഴിഞ്ഞതിനുശേഷമായിരിയ്ക്കും എന്തെങ്കിലും മറുപടി വരുന്നതു്. അതിനകം ചത്തെങ്കിൽ ചത്തു, ഇല്ലെങ്കിൽ യാതൊരു രക്ഷയുമില്ല. അതുകൊണ്ടു് ഇങ്ങിനെയുള്ള സംരക്ഷകനെമാത്രം വിശ്വസിച്ചു് ഞങ്ങളെ എന്തിനു കഷ്ടപ്പെടുത്തുന്നു? എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലും ഞങ്ങൾക്കുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുതരുവാൻവേണ്ടി ഗവർമ്മെണ്ടു് ശുപാർശചെയ്താൽ മാത്രം പോരേ? മുമ്പിരുന്ന സംരക്ഷകൻ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെണ്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിലായിരുന്നപ്പോൾ അദ്ദേഹം എല്ലാദിക്കിലുമുള്ള സ്കൂളുകളിൽ പോകയും, സ്കൂൾ മാസ്റ്റർമാരോട് അധ്യക്ഷതക്കും കൂടികാഴ്ചക്കും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുവാൻ ശുപാർശചെയ്കയും, അപ്രകാരം കൂടികൂടെ ഇടയിൽപോയി അന്വേഷിച്ച് അവരെ ശരിയായി പരിപാലിയ്ക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ഞങ്ങൾക്ക് സ്വന്തമായിട്ട് ഒരു സംരക്ഷകൻ വന്നപ്പോൾ അവർ മനസ്സുണ്ടെങ്കിൽ വരട്ടെ, ഇല്ലെങ്കിൽ പോകട്ടെ, എന്നെല്ലാം വന്നുകൂടീട്ടുണ്ട്. അതുകൊണ്ട് സമ്മതമുണ്ട് ഈ വിഷയത്തിൽ നല്ലപോലെ അന്വേഷണം നടത്തി ഇതിനൊരു പരിഹാരമുണ്ടാക്കണമെന്നപേക്ഷിയ്ക്കുവാനാണ് ഞാൻ ഈ കുട്ടിമോഷൻ അവതരിച്ചിട്ടുള്ളത്.

Mr. A. Sankara Poduval.—On a matter of principle, I beg to enter my most emphatic protest against this motion. I desire the House to understand that we have a standard of dignity to maintain, a sense of prestige to keep up.

മിസ്റ്റർ കെ. പി. വല്ലോൻ.—മലയാളത്തിൽ സംസാരിച്ചാൽ കൊള്ളാം.

Mr. A. Sankara Poduval.—I am not concerned with that. Under rule 24 the business of the Council shall be transacted in English.

Deputy President.—There was no reference from the chair. So you need not go to that subject.

Mr. A. Sankara Poduval.—In spite of my halting English, I cannot say that I am one who is unable to talk in English. Ours is a young Council which has to lay down precedents and which should transact business in a dignified manner. Even a few hours ago, we had the undesirable spectacle of members recommending persons to posts in a Department. I am here to say that this is.—

Dr. A. R. Menon.—On a point of order. How is it an undesirable spectacle? Will the Hon'ble Member be pleased to explain?

Mr. A. Sankara Poduval.—It is not our function to make recommendations for the appointment of this officer or that; or for the transfer of this or that officer. Such action is against the rules and the spirit of the Legislative Council enactment. I wish it to be distinctly understood that this is not our purpose here, and that we shall be failing in our duty if we descend to this level. Tomorrow one member may come and recommend such and such a member for such and such a post. The day after, another member may come and say I recommend that such and such a gentleman may be transferred: We are here to discuss in regard to administrative matters, questions of principle and policy. Now this is a personal attack upon an officer whose

LIBRARY ARCHIVES Kerala Legislative Assembly

salary is not within our purview. The Protector of the Depressed Classes is an officer whose salary the Council is not entitled to vote upon and these personal attacks upon an officer be they true or unfounded are entirely out of place in the discussion of the present motion, in this House. I therefore want it to make it quite clear that we should not be indulgent towards criticisms in this strain. This House is not meant for the purposes of either wreaking personal vengeance or retaliating old scores from a vantage ground. On this ground alone, apart from the merits of this motion, I oppose it.

മിസ്റ്റർ കെ. മുഹമ്മദ് സീതി.—എന്റെ മാന്യ സ്നേഹിതൻ തുശ്ശിവേലുർ മെമ്പറെപോലെ ഇംഗ്ലീഷ് സംസാരിപ്പാൻ വശമുള്ള ഒരാളാണ് ഞാനും. എങ്കിലും അദ്ദേഹം ഉദ്ദേശിയ്ക്കുന്നതായ ആ ധർമ്മബുദ്ധി—ഈ നിയമസഭയുടെ ധർമ്മബുദ്ധി തെറ്റായതുകൊണ്ടല്ല; എന്നാൽ നിയമസഭാ സമാജികന്മാരിൽ കാണുന്നതായ വൈമനസ്യം ഇല്ലാതാക്കണമെന്നുദ്ദേശിച്ചാണ് ഞാൻ മലയാളത്തിൽ സംസാരിയ്ക്കുന്നത്. ഏതൊരു മാന്യനാണോ ഈ കട്ട്മോഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്, അദ്ദേഹത്തിന് കാര്യം അറിയുവാൻ വേണ്ടി മലയാളത്തിൽ സംസാരിച്ചാൽ കൊള്ളാമെന്നു് അദ്ദേഹം പറഞ്ഞിട്ടും മലയാളത്തിൽ സംസാരിപ്പാൻ വഹായാ എന്നുവച്ചു് ഇംഗ്ലീഷിൽതന്നെ സംസാരിപ്പാൻ തോന്നിയ ആ മനോഭാവംഎനിയ്ക്കില്ലാത്തതിനാൽവളരെവൃത്തിയായി സംസാരിപ്പാൻ കഴിവില്ലെങ്കിലും വലിയ അബദ്ധങ്ങളൊന്നും കൂടാതേയും ഒരുവിധം നല്ലപോലേയും ഇംഗ്ലീഷു് സംസാരിപ്പാൻ സാധിയ്ക്കുന്ന ഞാൻ മലയാളത്തിൽതന്നെ സംസാരിയ്ക്കാം.

ഈ നിയമസഭയിൽ ഉദ്യോഗ നിയമനങ്ങളെ സംബന്ധിച്ചു് ചില വ്യക്തികളെ ചൂണ്ടിപറയുവാൻ വയ്യ പോലും. ഏതു ഉദ്യോഗ നിയമനങ്ങളെ കുറിച്ചു് ഈ കൌൺസിലിൽ പറഞ്ഞിട്ടും ഇതുയും ആവേശമോ കാലുഷ്യമോ ഒരാൾക്കും ഉണ്ടായിരുന്നില്ല. ഇവരുടെ ആളുകളെ ഉദ്യോഗങ്ങളിൽ നിയമിയ്ക്കണമെന്നു് ഇവർ ഈ കൌൺസിലിൽ അല്ലാതെ വേറെ ആരുടെ അടുക്കലാണു് ചൂണ്ടി കാണിയ്ക്കേണ്ടതു്. ഇതൊക്കെ പ്രമാണങ്ങളാണെപോലും. ഏതു പ്രമാണങ്ങളാണാവോ? ഏതുതന്നെയായാലും അതു് ഏതു വിധത്തിൽ പ്രയോഗിയ്ക്കുന്നുവെന്നാണു് നോക്കേണ്ടതു്. വാസ്തവം പറകയാണെങ്കിൽ ഈ അധികൃതരുടെ സങ്കടം ഈ കൌൺസിൽ മെമ്പർമാരുടെ അടുക്കലല്ലാതെ എവിടെ പറയും? അതു് അധികൃതവർഗ്ഗ പ്രതിനിധിയല്ലാതെ മറ്റാരു പറയും? ഇതിൽ അദ്ദേഹം കളങ്കമില്ലാത്ത—നിഷ്കളങ്കമായ നയം പ്രവൃത്തിച്ചിരിയ്ക്കുന്നു. ഈ കൌൺസിലിന്റെ ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തേയും പ്രയോജനത്തേയും ഉദ്ദേശിച്ചു് ഈ അധഃകൃത മെമ്പർ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാൻ ശക്തിയായി പിന്താങ്ങുകയും ഇപ്പോഴത്തെ മെമ്പറുടെ ആരോപണങ്ങളെ കഠിനമായി ഭത്സിയ്ക്കുകയും ചെയ്യുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.—പഴയ അധഃകൃത സംരക്ഷകനും ഇപ്പോഴത്തെ അധഃകൃതസംരക്ഷകനും കൊടുത്തിട്ടുള്ള കൺട്രാക്റ്റുകളുടെകണക്കിൽനിന്നും ഏതാണു് കൂടുതൽ, ഏതാണു് കുറവു് എന്നു് പറയുവാൻ കഴിയുമോ?

രാമവർമ്മതമ്പുരാൻ.—അതു് ദിവാൻജിയുടെ സൗകര്യത്തോടു കൂടിയല്ല കൊടുക്കുന്നതു്; ആ റിപ്പോർട്ടുകളൊന്നും ഹജൂരിൽ വരുകയില്ല. അങ്ങിനെ വിവരമായിട്ടു് അറിയണമെങ്കിൽ എഴുതി അയച്ചുവേണം വരുത്തുവാൻ.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇപ്പോൾ വല്ലവർക്കും കൺട്രാക്റ്റു് കൊടുത്തിട്ടുണ്ടോ?

റാവുസാഹിബു് മിസ്റ്റർ ടി. വി. കസ്തൂരിരങ്കയ്യർ.—ഉണ്ടു്. ഒരു അധഃകൃതനു കൊടുത്തിട്ടുണ്ടു്. എന്റെ അടുക്കൽ അയാൾ വന്നു കൺട്രാക്റ്റു് എനിയ്ക്കു കിട്ടി എന്നു പറഞ്ഞു. അങ്ങിനെ അയാൾ പറഞ്ഞ് എനിയ്ക്കറിയാം.

